VOL NO: 05 I ISSUE 19
www.nerpatham.com
mail@nerpatham.com
2021 MAY 08 I ₹12

# നേർപഥം

വാരിക



# അഞ്ചിടങ്ങളിലെ അഞ്ചാണ്ടിന്റെ ജനാധിപത്യം

കേരളത്തെ കാവി പുതപ്പിക്കുമെന്ന് ദൃഢനിശ്ചയം ചെയ്തവരെയും ലൗ ജിഹാദും മുസ്‌ലിം വിരുദ്ധതയും ആയുധമാക്കിയവരെയും നിഷ്പ്രഭമാക്കിയ ഫലം. മമതയുടെ സംഘ് വിരുദ്ധ വൻമതിൽ ഏവർക്കും മാതൃകയാണ്. ചിലയിടങ്ങളിലെ ബിജെപി സാന്നിധ്യത്തിന്റെ കാരണം മതേതര സമൂഹത്തിന്റെ അനൈക്യമാണ്. കേരളത്തിലെ കോൺഗ്രസിന്റെ ശക്തിക്ഷയം ഭാവികേരളത്തെ കുറിച്ച് ആശങ്കയുണർത്തുന്നു.

- **കൊറോണക്കാലത്ത് വീണ്ടുമൊരു പെരുന്നാൾ**

- **ആഹാരത്തിലെ അവശ്യഘടകങ്ങൾ**
- **പശ്ചാത്താപത്തിലൂടെ മനസ്സിനെ ശുദ്ധീകരിക്കുക**
- **ഫിത്വ്ർ സകാത്ത്: നോമ്പിലെ വീഴ്ചകൾക്ക് പരിഹാരം**

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

VISION 2030

# 2021–2022 അദ്ധ്യയന വർഷത്തെ

# വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

## മഅ്ഹദുല്ലുഗഃ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക് യൂണിവേസിറ്റിയുടെ മഅ്ഹദുല്ലുഗഃ സിലബസിനോടൊപ്പം +2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 8606366661, 9746639139

## കുല്ലിയ്യത്തുദ്ദഅ്‌വ / കുല്ലിയ്യത്തുൽ ഹദീസ് / ഫിഖ്ഹ്

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അഖീദഃ, ഫിഖ്ഹ് എന്നീ മേഖലകളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

## തഖസ്സുസ്

ശരീഅഃ കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പെന്റോടു കൂടിയുള്ള രണ്ട് വർഷ റിസർച്ച് കോഴ്സ്, കൂടെ MA ചെയ്യാനും അവസരം.
**സെലക്ഷൻ ക്യാമ്പ്: ജൂൺ ആദ്യവാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

Scan for Registration:

REGISTER http://jamiaalhind.com/admission

0225

# നേർപഥം

വാരിക

2021 മെയ് 08

1442 റമദാൻ 26

പുസ്തകം 05 / ലക്കം 19

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly







03
**അനുഭവക്കുറിപ്പ്**
ആ നല്ല കാലത്തിനായി
ഇനിയും കാത്തിരിക്കാം
അബ്ദുറഹീം മഞ്ചേരി

05
**മുഖമൊഴി**
പശ്ചാത്താപത്തിലൂടെ
മനസ്സിനെ ശുദ്ധീകരിക്കുക
എഡിറ്റർ

06
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

18
**ലേഖനം**
അധികാരം, സമ്പത്ത്,
നിർഭയത്വം
ഉസ്മാൻ പാലക്കാഴി

24
**ലേഖനം**
ഫിത്വ്ർ സകാത്ത്:
നോമ്പിലെ വീഴ്ചകൾക്ക് പരിഹാരം
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

29
**ലേഖനം**
കൊറോണക്കാലത്ത്
വീണ്ടുമൊരു പെരുന്നാൾ
അബൂഫായിദ

31
**ലേഖനം**
നല്ലമരണത്തിന്റെ ലക്ഷണങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

34
**ആരോഗ്യപഥം**
ആഹാരത്തിലെ
അവശ്യഘടകങ്ങൾ
മുഹമ്മദ് അമീൻ

അനുഭവക്കുറിപ്പ്

# ആ നല്ല കാലത്തിനായി ഇനിയും കാത്തിരിക്കാം

റൂമിലെ പൊടിപിടിച്ച പ്ലാസ്റ്റിക് റോസാപ്പൂ കണ്ടപ്പോഴാണ് ചില ചിന്തകൾ പെട്ടെന്ന് എന്റെ ഉറക്കം കളഞ്ഞത്. വർഷങ്ങൾക്ക് മുമ്പ് എടവണ്ണപ്പാറ മദ്റസയിൽനിന്ന് ഒരു കൊച്ചുവിദ്യാർഥി നൽകിയ സ്നേഹോപഹാരമായിരുന്നു അത്.

ഇന്ന് വെങ്കിടങ്ങ് സൽസബീൽ മദ്റസയിലെ കുട്ടികളുടെ കൂടെയുള്ള സുന്ദര നിമിഷങ്ങൾ വല്ലാതെ മിസ് ചെയ്യുന്നു.

എത്ര സുന്ദരമായിരുന്നു ആ മണിക്കൂറുകൾ...!

തിരിച്ചും മറിച്ചുമുള്ള 'ഉസ്താദേ' എന്നുള്ള വിളികേൾക്കൽതന്നെ ആനന്ദമായിരുന്നു.

ചിരിച്ചും കളിച്ചും പറഞ്ഞും പാടിയുമുള്ള നിമിഷങ്ങൾ... അതെല്ലാം ഇന്ന് ഓൺലൈനിൽ ഒതുങ്ങിയപ്പോൾ വല്ലാത്ത നഷ്ടബോധം.

തൽക്കാലം രക്ഷപ്പെടാൻ ഉമ്മ പറഞ്ഞുകൊടുക്കുന്ന കള്ളത്തരങ്ങൾ നിഷ്കളങ്കരായ കുരുന്നുകൾ സത്യസന്ധമായി പറഞ്ഞൊപ്പിക്കുന്നത് കേട്ട് എത്രയോ ചിരിച്ചിട്ടുണ്ട്. അവർക്കുണ്ടോ കളവ് പറഞ്ഞുള്ള പരിചയം!

ചിരിക്കുന്ന മുഖങ്ങൾക്കിടയിൽ വാടിയ ചില മുഖങ്ങളുടെ രഹസ്യം തേടുമ്പോൾ അവ ഒന്നുകിൽ ഉമ്മയോടുള്ള പിണക്കമോ വീട്ടിലെ മറ്റു പ്രയാസങ്ങളോ വിശപ്പോ ഒക്കെയാണെന്ന് പലപ്പോഴും തിരിച്ചറിയാറുണ്ടായിരുന്നു.

ദേഷ്യംവരുന്ന ചില സന്ദർഭങ്ങളിൽ പോലും ചിരിപ്പിക്കാൻ കഴിയുന്ന ചില കുസൃതികൾ എല്ലാ ക്ലാസ്സിലുമുണ്ടാവും. അവരെക്കുറിച്ച് അധ്യാപകർ പരസ്പരം ചർച്ച ചെയ്യുമ്പോൾ എല്ലാവർക്കും പറയാനുണ്ടാവും പല അനുഭവങ്ങൾ...

എന്തൊക്കെയായാലും മദ്റസ കഴിഞ്ഞിറങ്ങുമ്പോൾ കൈപിടിച്ച് സലാം പറയാൻ തിരക്ക് കൂട്ടുന്ന ആ കുഞ്ഞുമക്കളെ നേരിൽ കാണാൻ വല്ലാതെ കൊതിയാവുന്നു...

**അബ്ദുറഹീം മഞ്ചേരി**

## ഓക്സിജൻ ദൗർലഭ്യം: ഭരണകൂടം നിസ്സംഗത വെടിയണം-വിസ്ഡം യൂത്ത്

മലപ്പുറം: രാജ്യത്തിന്റെ തലസ്ഥാന നഗരിയിലും ഉത്തരേന്ത്യയിലും കോവിഡ് ബാധിച്ച് ജീവവായു ലഭിക്കാതെ പിടയുന്ന പൗരൻമാരുടെ ജീവൻ രക്ഷിക്കാൻ ഭരണകൂടം നടപടി സ്വീകരിക്കണമെന്നും അധികാരികളുടെ നിസംഗതയും ഗർവും കാരണമാണ് രാജ്യം ഭയാനകമായ പ്രതിസന്ധി നേരിടുന്നതെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച വിർചൽ ടോക്ക് അഭിപ്രായപ്പെട്ടു.

ദുരന്തങ്ങളിൽ സമൂഹം വീർപ്പുമുട്ടുമ്പോഴും വർഗീയതയ്ക്ക് പാലൂട്ടുന്ന ശൈലിയാണ് ഭരണകൂടം സ്വീകരിച്ചത്. കോവിഡ് മഹാമാരിയുടെ വ്യാപനം വിതയ്ക്കുന്ന ഭയാനകതയിലും ജനത്തിരക്കുള്ള ആഘോഷങ്ങൾക്ക് മതം നോക്കി അനുവാദം കൊടുക്കുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. കോർപറേറ്റുകളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിയും സാധാരണക്കാരന്റ ജീവന് വിലകൽപിക്കാതെയുമുള്ള ഫാഷിസ്റ്റ് ഭരണം ജനാധിപത്യത്തിന് ഭീഷണിയാണ്.

രാജ്യം ഭാവിയിൽ നേരിടുന്ന പ്രതിസന്ധികളെ ദീർഘദൃഷ്ടിയോടെ ചൂണ്ടിക്കാണിക്കുന്നവരെ പരിഹസിക്കുന്ന അധികാരികൾ രാജ്യത്തെ നശിപ്പിക്കുന്നതിനെതിരെ പൊതുബോധം രൂപപ്പെടണമെന്നും വിസ്ഡം യൂത്ത് അഭിപ്രായപ്പെട്ടു.

'ബദ്ർ: സഹനം, സമരം' എന്ന വിഷയത്തിൽ വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച വിർചൽ ടോക്കിൽ റഷീദ് കുട്ടമ്പൂർ മുഖ്യപ്രഭാഷണം നിർവഹിച്ചു. എ.പി.മുനവ്വർ സ്വലാഹി പ്രസംഗിച്ചു. സംസ്ഥാന ഭാരവാഹികളായ കെ.സി. ഹാരിസ് മദനി, താജുദ്ദീൻ സ്വലാഹി, മുജീബ് ഒട്ടുമ്മൽ, പി.യു. സുഹൈൽ, അബ്ദുല്ല ഫാസിൽ എന്നിവർ നേതൃത്വം നൽകി.

മുഖമൊഴി

# പശ്ചാത്താപത്തിലൂടെ മനസ്സിനെ ശുദ്ധീകരിക്കുക

ശരീരത്തിൽ മണ്ണ് പുരളുന്നതും മനസ്സിൽ പാപത്തിന്റെ മാലിന്യം പുരളുന്നതും മനുഷ്യ ജീവിതത്തിൽ സ്വാഭാവികമാണ്. അതിനാൽ ശരീരത്തെയും മനസ്സിനെയും മാലിന്യമുക്തമാക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ശരീരത്തിലെ മാലിന്യം കഴുകിക്കളയാം. അങ്ങനെ ശരീരം വൃത്തിയാക്കാം. മനസ്സിലെ മാലിന്യം വൃത്തിയാക്കേണ്ടത് തെറ്റുകുറ്റങ്ങൾ വർജിച്ചുകൊണ്ടും പശ്ചാത്താപിച്ചുകൊണ്ടുമാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു." (ക്വുർആൻ 2:222).

ഒരു മുസ്‌ലിം എങ്ങനെ ശുദ്ധിയുടെ ഉടമയല്ലാതിരിക്കും? ഇസ്‌ലാമിൽ നിന്നും അവൻ ഉൾക്കൊണ്ട വിശ്വാസം, ആരാധനകൾ, സ്വഭാവങ്ങൾ, പെരുമാറ്റങ്ങൾ, നിലപാടുകൾ, സഹവർത്തിത്വ മര്യാദകൾ എല്ലാം പരിശുദ്ധമാണ്. ഇവയിലൊന്നും കറപുരണ്ടു കൂടാ എന്ന നിഷ്‌കർഷ ഉണ്ടാകുമ്പോഴാണ് വിശുദ്ധിയോടെ ജീവിക്കാൻ സത്യവിശ്വാസിക്ക് സാധ്യമാവുക.

പശ്ചാത്താപമാണ് പാപത്തിന്റെ പരിഹാരം. പശ്ചാത്തപിക്കുന്നവരാണ് പാപം ചെയ്തവരിലെ ശ്രേഷ്ഠൻമാർ. നബിﷺ പറഞ്ഞു: "ആദമിന്റെ പുത്രന്മാർ എല്ലാവരും തെറ്റു ചെയ്യുന്നവരാണ്. തെറ്റു ചെയ്യുന്നവരിൽ ഉത്തമന്മാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്" (തിർമിദി, ഇബ്നുമാജ, അഹ്മദ്).

വിശ്വാസിയായ ദാസന്റെ പശ്ചാത്താപത്തിൽ അല്ലാഹുവിന്ന് അത്യധികം സന്തോഷിക്കുന്നു എന്നറിയിക്കുന്ന നബിവചനം പ്രസിദ്ധമാണ്. വിജനമായ മരുഭൂമിയിൽ വെച്ച് കാണാതായ യാത്രാമൃഗത്തെ തിരിച്ചുകിട്ടുമ്പോൾ യാത്രക്കാരനുണ്ടാകുന്ന സന്തോഷത്തെക്കാൾ വലിയ സന്തോഷം! തെറ്റുകൾ ബോധ്യപ്പെട്ടും അവയിൽ ആത്മാർഥമായി ഖേദിച്ചും കണ്ണുനീർ പൊഴിച്ചും പശ്ചാത്തപിച്ചു പ്രാർഥിക്കുമ്പോൾ സത്യവിശ്വാസിയിൽ നിറഞ്ഞുകവിയുന്നത് വിശ്വാസമാണ്. അവന്ന് അല്ലാഹുവിനെ അറിയാം. അവന്റെ കാരുണ്യത്തെപ്പറ്റി അറിയാം. പശ്ചാത്താപത്തിന്റെ മഹിമയറിയാം. പശ്ചാത്തപിക്കുന്നവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന പദവികളെപ്പറ്റിയുമറിയാം. പാപ പങ്കിലമായ മനസ്സുമായി പടച്ചവനെ കണ്ടുമുട്ടേണ്ടി വന്നാലുണ്ടാകുന്ന ദുരന്തവും ദുരിതവും അവന്നറിയാം. ഇത്തരം സ്വഭാവമുള്ള സത്യവിശ്വാസികളെപ്പറ്റി അല്ലാഹു പറഞ്ഞു: "വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർ. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ" (ക്വുർആൻ 3:135).

പശ്ചാത്താപം തീർത്തും അടിമയും അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. മാപ്പിരക്കുന്നത് അടിമയാണ്; മാപ്പ് നൽകുന്നത് അല്ലാഹുവും. വാക്കുകളിലോ, കർമങ്ങളിലോ, വീക്ഷണങ്ങളിലോ, സ്വഭാവത്തിലോ തെറ്റുകൾ സംഭവിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുന്നതോടെ അവ ശരിയാക്കാൻ ശ്രമിക്കുന്നു എന്നതാണ് പശ്ചാത്താപമനഃസ്ഥിതിയുള്ളവന്റെ ഗുണം. തെറ്റുകൾ അംഗീകരിച്ചാൽ, അവ തിരുത്തിയാൽ, അല്ലാഹുവിനോട് ഖേദിച്ചാൽ സമൂഹം എന്തു പറയുമെന്ന ചിന്ത അവന്നുണ്ടാകില്ല. അങ്ങനെയൊന്നും ചെയ്യാതിരുന്നാൽ തന്റെ പര്യവസാനം എന്തായിത്തീരുമെന്ന ആധിയേ അവന്നുണ്ടാകൂ. എങ്കിൽ, അവൻ വിനീതനാണ്. അല്ലാഹുവിൽനിന്നുള്ള കാരുണ്യദാഹിയാണ്.

ശമീർ മദീനി
shameermadeeni@gmail.com





# ആരാധനകൾക്കൊരു ആമുഖം

ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം

5

മതത്തിലെ വിധിവിലക്കുകളോടുള്ള ആദരവിന്റെ യാഥാർഥ്യം എന്നത് അവയൊരിക്കലും അതിരുവിട്ട ഇളവുകൾ തേടിപ്പോകുന്നതിലേക്കും തീവ്രമായ അതിരുകവിച്ചിലിലേക്കും വഴിമാറാതെ, അല്ലാഹുവിലേക്ക് എത്തിക്കുന്ന മിതത്വത്തിന്റെ നേർമാർഗത്തിലൂടെ സഞ്ചരിക്കുകയെന്നതാണ്.

അല്ലാഹു കൽപിച്ച ഏതൊരു കാര്യത്തിലും പിശാചിന് രണ്ടുരൂപത്തിലുള്ള ദുർബോധനങ്ങളുണ്ടാകും. ഒന്നുകിൽ അതിലുള്ള അവഗണനയും വീഴ്ചവരുത്തലും. അല്ലെങ്കിൽ അതിൽ അതിരുകവിയലും തീവ്രത പുലർത്തലും. ഈ രണ്ടിൽ ഏതിലൂടെയാണ് ഒരാളെ കീഴ്പെടുത്തി വിജയംനേടാൻ സാധിക്കുക എന്നതാണ് അവന്റെ നോട്ടം. അങ്ങനെ അവൻ ഒരാളുടെ ഹൃദയത്തിലേക്ക് ചെന്ന് 'മണം പിടിക്കും.' അയാളിൽ അലസതയുടെയും ആലസ്യത്തിന്റെയും പിന്തിരിപ്പിക്കലിന്റെയും

തളർച്ചയുടെയും ഇളവന്വേഷിക്കലിന്റെയുമൊക്കെ ലക്ഷണങ്ങളാണ് കാണുന്നതെങ്കിൽ ആ വഴിയിലൂടെ അവൻ അയാളെ പിടികൂടും. അങ്ങനെ അയാളെ മടിയനും ക്ഷീണിതനും ആലസ്യക്കാരനുമാക്കി ഇരുത്തിക്കളയും. എന്നിട്ട് ന്യായീകരണത്തിന്റെയും പ്രതീക്ഷയുടെയും പല വ്യാഖ്യാനങ്ങളും ഇട്ടുകൊടുക്കും. അങ്ങനെ ചിലപ്പോൾ കൽപിക്കപ്പെട്ട നിർബന്ധ ബാധ്യതകൾ പൂർണമായിത്തന്നെ കയ്യൊഴിക്കുന്ന അവസ്ഥയിലേക്കെത്തും.

ഇനി ഒരാളിൽ ജാഗ്രതയും സൂക്ഷ്മതയും ആവേശവും ഊർജസ്വലതയുമൊക്കെ ദർശിക്കുകയും മടിയനാക്കി തളർത്തി ഇരുത്തിക്കളയാൻ സാധിക്കുകയില്ലെന്നു തിരിച്ചറിയുകയും ചെയ്താൽ കൂടുതൽ പ്രയത്നിക്കുവാൻ അയാളെ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കും. ചെയ്തുകൊണ്ടിരിക്കുന്ന കർമങ്ങൾ തനിക്ക് അപര്യാപ്തമാണെന്നും ഇതിനെക്കാൾ കൂടുതൽ പ്രവർത്തിക്കേണ്ടതുണ്ടെന്നും അവരൊക്കെ ചെയ്തത് തനിക്ക് പോരാത്തതിനാൽ അതിലുപരി ചെയ്യേണ്ടതുണ്ടെന്നും അയാളെ തോന്നിപ്പിച്ചുകൊണ്ടിരിക്കും. അവർ ഉറങ്ങിയാലും നീ ഉറങ്ങിക്കൂടാ. അവർ നോമ്പ് എടുക്കാത്തപ്പോൾ നീ നോമ്പ് ഉപേക്ഷിക്കരുത്. അവർ ക്ഷീണിച്ചാലും നീ ക്ഷീണിക്കരുത്. അവരിൽ ഒരാൾ തന്റെ കയ്യും മുഖവും മൂന്നു പ്രാവശ്യമാണ് കഴുകിയതെങ്കിൽ നീ ഒരു ഏഴുതവണയെങ്കിലും കഴുകണം. അവർ നമസ്കാരത്തിനായി വുദൂഅ് എടുക്കുകയാണ് ചെയ്തിരുന്നതെങ്കിൽ നീ അതിന്നുവേണ്ടി കുളിക്കണം എന്നിങ്ങനെ അതിരുകവിച്ചിലിന്റെയും തീവ്രതയുടെയും അന്യായത്തിന്റെയും വഴികൾ ചൂണ്ടിക്കാട്ടി തീവ്രതക്കും പരിധിവിടുന്നതിനും മിതത്വത്തിന്റെ നേരായമാർഗം വിട്ടുകടക്കുന്നതിനും അയാളെ പ്രേരിപ്പിക്കും. ആദ്യത്തെയാളെ നേർമാർഗത്തിലേക്ക് അടുക്കുവാൻ പോലും അനുവദിക്കാതെ അതിൽ വീഴ്ചവരുത്തിച്ചുകൊണ്ട്, അലസനാക്കിക്കൊണ്ട് വഴിതെറ്റിച്ചതുപോലെ ഇയാളെ ഈ രൂപത്തിലും വഴിപിഴപ്പിക്കുന്നു.

രണ്ടുപേരുടെ കാര്യത്തിലും അവന്റെ ലക്ഷ്യം അവരെ നേർമാർഗത്തിൽനിന്നു തെറ്റിച്ചു പുറത്തുകളയുകയെന്നതാണ്. ഒരാളെ അതിലേക്ക് അടുപ്പിക്കാതെയും മറ്റെയാളെ അതിൽ ശരിയായ രീതിയിൽ നിലനിർത്താതെ പരിധിവിട്ടും അന്യായം ചെയ്യിപ്പിച്ചും.

ഈ രൂപത്തിലൂടെ വളരെയധികം ആളുകളെ പിശാച് കുഴപ്പത്തിലാക്കിയിട്ടുണ്ട്. രൂഢമൂലമായ അറിവും ശക്തമായ ഈമാനും പിശാചിനെതിരെ പൊരുതുവാനുള്ള ശേഷിയും മിതത്വത്തിന്റെ നേർമാർഗം കടുകിട വ്യതിചലിക്കാതെ അനുധാവനം ചെയ്യലുമാണ് അതിൽനിന്നുള്ള രക്ഷാമാർഗം. അല്ലാഹു മാത്രമാണ് സഹായി.

മതത്തിലെ വിധിവിലക്കുകളോടുള്ള ആദരവിന്റെ ഭാഗമാണ് അല്ലാഹുവിന്റെ ഏതെങ്കിലും ഒരു കൽപനക്ക് കീഴൊതുങ്ങുന്നതിനും അത് പ്രയോഗവൽകരിക്കുന്നതിനും തടസ്സമായ വല്ല ന്യായവാദങ്ങളും നിരത്തി അതിൽനിന്ന് പിന്നാക്കം പോകാതിരിക്കുകയെന്നത്. മറിച്ച് അല്ലാഹുവിന്റെ കൽപനക്കും വിധിവിലക്കുകൾക്കും, അതിനെ പ്രയോഗവൽകരിച്ചുകൊണ്ട് കീഴ്പെടുകയെന്നതാണ് ഒരു വിശ്വാസിയുടെ കടമ. അതിലെ യുക്തിരഹസ്യങ്ങൾ നമുക്ക് ബോധ്യപ്പെട്ടാലും ഇല്ലെങ്കിലും പ്രസ്തുത വിധിവിലക്കുകൾ അനുസരിക്കുകയാണ് വേണ്ടത്. മതത്തിന്റെ യുക്തിരഹസ്യങ്ങൾ ആ നിയമത്തിൽ ബോധ്യമായാൽ ആ കൽപനാനിർദേശങ്ങൾക്ക് കീഴ്പെടാൻ കൂടുതൽ പ്രേരകമാവുമെന്നതിൽ തർക്കമില്ല. എന്നാൽ അത് ബോധ്യപ്പെട്ടില്ല എന്നതിന്റെ പേരിൽ പ്രസ്തുത നിയമത്തിൽനിന്ന് ഊരിപ്പോകുവാനോ പൂർണമായും അതിനെ കയ്യൊഴിയുവാനോ പ്രേരിപ്പിക്കാവതല്ല. തസ്വവ്വുഫിലേക്ക് ചേർത്ത് പറയുന്നവർക്കും കുറെ മതനിഷേധികൾക്കും സംഭവിച്ചത് അതാണ്.


അല്ലാഹു അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ നിയമമാക്കിയത് അവനെ സ്മരിക്കുന്നതിനു വേണ്ടിയാണ്. ഹൃദയവും ശരീരാവയവങ്ങളും നാവുമെല്ലാം അവനു കീഴ്പെടുന്നതിൽ ഉപയോഗിച്ചുകൊണ്ടുള്ള സ്മരണ. അവയ്ക്ക് ഓരോന്നിനും ആ കീഴ്പെടലിന്റെ വിഹിതം നൽകിക്കൊണ്ടാണ് അത് നിർവഹിക്കേണ്ടത്. അതാണല്ലോ ഒരു ദാസന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം. അങ്ങനെയാകുമ്പോൾ പ്രസ്തുത കീഴ്പെടലിന്റെ (ഉബൂദിയ്യത്ത്) ഏറ്റവും പരിപൂർണമായ പദവിയിലാണ് ആ നമസ്കാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്നു കാണാനാവും.

അല്ലാഹു മനുഷ്യരെ സൃഷ്ടിക്കുകയും മികച്ച സൃഷ്ടികളിൽനിന്ന് അവനെ തിരഞ്ഞെടുക്കുകയും ചെയ്തു. മനുഷ്യഹൃദയത്തെ ഈമാനിന്റെയും തൗഹീദിന്റെയും ഇഖ്ലാസിന്റെയും സ്നേഹത്തിന്റെയും ലജ്ജയുടെയും ആദരവിന്റെയും ദൈവബോധത്തിന്റെയുമെല്ലാം കേന്ദ്രമാക്കുകയും ചെയ്തു. അങ്ങനെ പൂർണമനസ്സോടെ അല്ലാഹുവിലേക്ക് ഒരാൾ മുന്നിട്ടുചെന്നാൽ ഏറ്റവും ശ്രേഷ്ഠവും പരിപൂർണവുമായ പ്രതിഫലം

അയാൾക്ക് നൽകും. അതായത്, സ്രഷ്ടാവിന്റെ തിരുമുഖം ദർശിക്കുവാനും അവന്റെ തൃപ്തി നേടി വിജയംവരിക്കാനും അവന്റെ സാമീപ്യം സിദ്ധിച്ചുകൊണ്ട് അവനൊരുക്കിയ സ്വർഗത്തിൽ കഴിയാനും സാധിക്കുക എന്ന അത്യുന്നതമായ വിജയവും നേട്ടവും അയാൾക്ക് ലഭിക്കും.

എന്നാൽ അതോടൊപ്പം ഇച്ഛകൾ, ദേഷ്യം, അശ്രദ്ധ മുതലായവകൊണ്ട് അല്ലാഹു മനുഷ്യനെ പരീക്ഷിക്കും. അവന്റെ വേർപിരിയാത്ത ശത്രുവായ ഇബ്‌ലീസിനെ കൊണ്ടും പരീക്ഷിക്കും. ആ ശത്രു അവന്റെ മനസ്സ് ആഗ്രഹിക്കുന്ന പല വഴികളിലൂടെയും അവന്റെയടുക്കൽ കടന്നുചെല്ലും. അങ്ങനെ പിശാചും അവന്റെ മനസ്സും ദേഹേച്ഛയും ആ അടിമക്കെതിരിൽ സംഘടിക്കും. ഈ മൂന്നുകൂട്ടരും അവന്റെയടുക്കൽ പല കാര്യങ്ങളുമായി ചെല്ലും. അവരുടെ ആവശ്യങ്ങൾ നിർവഹിക്കാനായി അവർ അവന്റെ അവയവങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. അവയവങ്ങളാവട്ടെ അതിനു കീഴ്പെടുന്ന ഒരു ഉപകരണം പോലെയാണ്. അവയ്ക്ക് ആ പ്രേരണകൾക്ക് കീഴ്പെടാനല്ലാതെ കഴിയില്ല. ഇങ്ങനെയാണ് ഈ മൂന്നുകൂട്ടരുടെയും സ്ഥിതി. അതിനോടുള്ള മനുഷ്യന്റെ അവയവങ്ങളുടെ നിലയും അതാണ്. ഈ മൂന്നുകൂട്ടരും എങ്ങനെ നിർദേശിക്കുന്നുവോ, എവിടേക്ക് തിരിച്ചുവിടുന്നുവോ അതിനു വഴിപ്പെട്ടുകൊണ്ടായിരിക്കും ഒരാളുടെ ബാഹ്യമായ അവയവങ്ങൾ ചലിക്കുന്നത്. ഇതാണ് ഒരടിമയുടെ അവസ്ഥയുടെ തേട്ടം.

എന്നാൽ കാരുണ്യവാനും അജയ്യനുമായ അവന്റെ റബ്ബ് അവന്റെ കാരുണ്യത്തിന്റെ ഭാഗമായി മറ്റൊരു സൈന്യത്തെക്കൊണ്ട് അവനെ സഹായിച്ചിട്ടുണ്ട്. തന്റെ നാശംകൊതിക്കുന്ന ആ എതിരാളികൾക്കെതിരിൽ അല്ലാഹു അവനെ ഈ സൈന്യത്തെക്കൊണ്ട് പിൻബലം നൽകുകയും പ്രതിരോധിക്കുകയുമാണ്. അതിനാൽ അല്ലാഹു തന്റെ ദൂതനെ അയക്കുകയും ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തു. മനുഷ്യന്റെ ശത്രുവായ പിശാചിനെതിരിൽ ഒരു മാന്യനായ മലക്കിനെ കൊണ്ട് അവനു ശക്തി പകരുകയും ചെയ്തു.



തിന്മകൊണ്ട് കൽപിക്കുന്ന ദുഷ്പ്രേരണയായ മനസ്സിന് (നഫ്സുൽ അമ്മാറ) എതിരായി നന്മക്ക് പ്രേരിപ്പിക്കുന്ന, ശാന്തിയടഞ്ഞ മനസ്സി(നഫ്സു മുത്മഇന്ന)നെ ഏർപ്പെടുത്തിയിട്ടുണ്ട്. ദുഷിച്ച മനസ്സ് വല്ല തിന്മയും അവനോടു കൽപിച്ചാൽ നല്ലമനസ്സ് അത് വിലക്കും. മനുഷ്യൻ ചിലപ്പോൾ നല്ലതിനെയും മറ്റുചിലപ്പോൾ തിന്മയെയും അനുസരിക്കും. അതിൽ ഏതാണോ അവനെ അതിജയിച്ചു മികച്ച് നിൽക്കുന്നത് അതിന്റെ വക്താവായിട്ടായിരിക്കും അവൻ മാറുക. ചിലപ്പോൾ അവയിലേതെങ്കിലും ഒന്ന് അവനെ പരിപൂർണമായി കീഴ്പെടുത്തിക്കളഞ്ഞിട്ടുണ്ടാകും. അപ്രകാരംതന്നെ പിശാചിനെയും ദുഷിച്ച മനസ്സിനെയും അനുസരിക്കാൻ അവനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന അവന്റെ ദേഹേച്ഛക്ക് എതിരിലായി ഒരുതരം പ്രകാശവും ഉൾക്കാഴ്ചയും നേർബുദ്ധിയും അല്ലാഹു ഏർപ്പെടുത്തിയിട്ടുണ്ട്. ദേഹേച്ഛക്ക് കീഴ്പെടുന്നതിൽനിന്ന് ഇവ അവനെ തടയും. ദേഹേച്ഛക്കൊപ്പം സഞ്ചരിക്കാൻ അവൻ തയ്യാറെടുക്കുമ്പോഴെല്ലാം അവന്റെ സൽബുദ്ധിയും ഉൾക്കാഴ്ചയും പ്രകാശവും അവനെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കും: "സൂക്ഷിക്കുക, ജാഗ്രത പാലിക്കുക. നിശ്ചയം, നാശത്തിന്റെ അഗാധഗർത്തങ്ങളാണ് നിന്റെ മുമ്പിലുള്ളത്. നീ ഇതിന്റെ പിന്നാലെയാണ് പോകാനൊരുങ്ങുന്നതെങ്കിൽ കള്ളന്മാരുടെയും കൊള്ളക്കാരുടെയും വലയിലെ ഇരയായിരിക്കും നീ. അതിനാൽ സൂക്ഷിക്കുക."

ചിലപ്പോൾ ഈ ഗുണകാംക്ഷിയെ അവൻ അനുസരിച്ചേക്കും. അപ്പോൾ അതിന്റെ വിവേകവും ഗുണവും അവനു ബോധ്യപ്പെടുകയും ചെയ്യും. എന്നാൽ മറ്റുചിലപ്പോൾ ദേഹേച്ഛയുടെ വിളിക്ക് പിന്നാലെയും അവൻ പോകും. അപ്പോൾ അവൻ കൊള്ളയടിക്കപ്പെടുകയും അവന്റെ സ്വത്തും വസ്ത്രവുമെല്ലാം അപഹരിക്കപ്പെടുകയും ചെയ്യും. അപ്പോൾ അവൻ വിളിച്ച പറയും: "ഇത് എവിടെ നിന്ന് വന്നു? എന്താണ് സംഭവിച്ചത്?" എന്താണ് സംഭവിച്ചതെന്നതും അവൻ കൊള്ളയടിക്കപ്പെട്ടതും കയ്യേറ്റം ചെയ്യപ്പെട്ടതുമൊക്കെ എവിടെവെച്ചായിരുന്നു എന്നതും അവനു നന്നായി അറിയാമായിരുന്നു എന്നതാണ് അത്ഭുതം. പക്ഷേ, എന്നിട്ടും ആ വഴിതന്നെയാണ് അവൻ തെരഞ്ഞെടുത്തത്. കാരണം ആ വഴിയിലൂടെ അവനെ കൂട്ടിക്കൊണ്ടു പോകുന്നവർ അവനെ

കീഴ്പെടുത്തി ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. അതിനെതിരിൽ പോരടിച്ചുകൊണ്ടും ആ ക്ഷണം നിരസിച്ചുകൊണ്ടും അവരെ കീഴ്പെടുത്തുവാൻ അവനു കഴിയാത്തവിധത്തിലായി. അവൻ സ്വയം തന്നെയാണ് ഈ വഴി ഒരുക്കിയത്. അവൻതന്നെയാണ് തന്റെ കൈ ശത്രുവിന് നൽകിയത്. സ്വന്തം കഴുത്ത് ശത്രുവിന് നീട്ടിക്കൊടുത്തവനെപ്പോലെയാവുകയും അവന്റെ ബന്ധനത്തിലായി പീഡനങ്ങൾ ഏൽക്കേണ്ടിയുംവന്ന ഒരുവന്റെ സ്ഥിതിയിലായി. അവൻ ആ ബന്ധനത്തിൽകിടന്നു സഹായാർഥന നടത്തുന്നുണ്ട്. പക്ഷേ, ആരും അവനെ സഹായിക്കുന്നില്ല. ഇങ്ങനെയാണ് ഒരാൾ പിശാചിന്റെയും ദേഹേച്ഛയുടെയും ദുഷിച്ച മനസ്സിന്റെയും കെണികളിൽപ്പെട്ടു ബന്ധനസ്ഥനാകുന്നത്. പിന്നീടവൻ രക്ഷപ്പെടാൻ ആഗ്രഹിക്കുമെങ്കിലും അതിനു സാധിക്കുകയില്ല.

ഒരു അടിമ ഈ ശത്രുക്കളെക്കൊണ്ട് പരീക്ഷിക്കപ്പെടുമ്പോൾ ശക്തമായ സൈന്യങ്ങളെ കൊണ്ടും ആയുധങ്ങൾ കൊണ്ടും ഒക്കെ സഹായിക്കപ്പെട്ടിട്ടുണ്ട്. ഈ സൈന്യത്തിൽനിന്നും വേണ്ടത് സ്വീകരിച്ചും ഈ സന്നാഹങ്ങളിൽനിന്നും ആവശ്യമുള്ളത് ഉപയോഗിച്ചും ഈ കോട്ടകളിൽ നിനക്ക് വേണ്ടത് ഉപയോഗപ്പെടുത്തിയും നീ നിന്റെ ശത്രുവിനോട് പോരാടുക എന്ന് അവനോടു പറഞ്ഞിട്ടുമുണ്ടായിരുന്നു. നീ മരണംവരെ പ്രതിരോധിക്കുക. കാര്യം വിദൂരമല്ല. പ്രതിരോധ പോരാട്ടം അധികസമയം ഇല്ല. അങ്ങനെ നീ രാജാവിന്റെ മുമ്പിൽ കൊണ്ടുവരപ്പെടും. രാജകൊട്ടാരത്തിലേക്ക് നിന്നെ ആനയിക്കും. നീ ഈ സമര പോരാട്ടങ്ങളിൽനിന്ന് വിശ്രമത്തിലാണിപ്പോൾ. നിന്റെയും നിന്റെ ശത്രുവിന്റെയും ഇടയിൽ തീർപ്പുകൽപിക്കപ്പെട്ടിരിക്കുന്നു. ആദരണീയതയുടെ സ്വർഗലോകത്ത് നീ യഥേഷ്ടം വിഹരിക്കുകയാണ്. നിന്റെ ശത്രുവാകട്ടെ ഏറ്റവും പ്രയാസകരമായ തടവറയിൽ ബന്ധിക്കപ്പെട്ടിരിക്കുന്നത് നീ നോക്കിക്കാണുന്നു. നിന്നെ ഏതൊരു കാരാഗ്രഹത്തിലടക്കാനാണോ നിന്റെ ശത്രു ആഗ്രഹിച്ചത് ആ തടവറയിൽ അവൻ അകപ്പെടുകയും അതിന്റെ കനത്ത വാതിലുകൾ കൊട്ടിയടക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിൽ നിന്ന് പുറത്തുകടക്കാനാവാതെ അവൻ നിരാശപ്പെട്ടിരിക്കുകയാണ്. നീയാകട്ടെ കൊതിക്കുന്നതെല്ലാം കിട്ടുന്ന കൺകുളിർമയേകുന്ന സ്വർഗീയ ആരാമങ്ങളിൽ വിഹരിക്കുകയാണ്. ആ ചുരുങ്ങിയ കാലയളവിൽ നീ സഹിക്കുകയും ക്ഷമിക്കുകയും ചെയ്തുകൊണ്ട് അതിർത്തി പ്രദേശങ്ങളിൽ നിലയുറപ്പിച്ചതിനുള്ള പ്രതിഫലമായി രാജസന്നിധിയിൽ ലഭിച്ച ആഹ്ളാദത്തിമിർപ്പിലും ആനന്ദത്തിലുമാണ് നീ. നിനക്കവിടെ ആ പോരാട്ട വേളയിൽ സഹിക്കേണ്ടിവന്നത് വളരെ കുറച്ചുസമയം മാത്രം. ആ ഒരു പ്രയാസവും നീ തീരെ അനുഭവിക്കാത്തതുപോലെ ഈ സുഖങ്ങളെല്ലാം നിന്നെ അവയെ മറപ്പിച്ചുകളഞ്ഞു. ഈ പോരാട്ടത്തിൽ സമയം അധികമില്ലെന്നും അത് പെട്ടെന്ന് അവസാനിക്കുമെന്നും ബോധ്യപ്പെടാൻ നിന്റെ മനസ്സിന് ആകുന്നില്ലെങ്കിൽ അല്ലാഹു പറഞ്ഞ ഈ വാക്കുകൾ നീ ഉറ്റാലോചിക്കുക:

“ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചതുപോലെ നീ ക്ഷമിക്കുക. അവരുടെ (സത്യനിഷേധികളുടെ) കാര്യത്തിന് നീ ധൃതി കാണിക്കരുത്. അവർക്ക് താക്കീത് നൽകപ്പെടുന്നത് (ശിക്ഷ) അവർ നേരിൽ കാണുന്ന ദിവസം പകലിൽനിന്നുള്ള ഒരു നാഴിക നേരം മാത്രമെ തങ്ങൾ (ഇഹലോകത്ത്) താമസിച്ചിട്ടുള്ളു എന്നപോലെ അവർക്കു തോന്നും. ഇതൊരു ഉൽബോധനം ആകുന്നു. എന്നാൽ ധിക്കാരികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?” (ക്വുർആൻ 46:35).

“അതിനെ അവർ കാണുന്ന ദിവസം ഒരു വൈകുന്നേരമോ ഒരു പ്രഭാതത്തിലോ അല്ലാതെ അവർ (ഇവിടെ) കഴിച്ചുകൂട്ടിയിട്ടില്ലാത്ത പോലെയായിരിക്കും (അവർക്ക് തോന്നുക)”(79:46).

“അവൻ (അല്ലാഹു) ചോദിക്കും: ഭൂമിയിൽ നിങ്ങൾ താമസിച്ച കൊല്ലങ്ങളുടെ എണ്ണം എത്രയാകുന്നു? അവർ പറയും: ഞങ്ങൾ ഒരു ദിവസമോ, ഒരു ദിവസത്തിന്റെ അൽപഭാഗമോ താമസിച്ചിട്ടുണ്ടാകും. എണ്ണിത്തിട്ടപ്പെടുത്തിയവരോട് നീ ചോദിച്ചു നോക്കുക. അവൻ പറയും: നിങ്ങൾ അൽപം മാത്രമെ താമസിച്ചിട്ടുള്ളൂ. നിങ്ങളത് മനസ്സിലാക്കുന്നവരായിരുന്നെങ്കിൽ (എത്ര നന്നായിരുന്നേനെ!)” (23:112-114).

“അതായത് കാഹളത്തിൽ ഊതപ്പെടുന്ന ദിവസം. കുറ്റവാളികളെ അന്നേദിവസം നീലവർണമുള്ളവരായിക്കൊണ്ട് നാം ഒരുമിച്ചുകൂട്ടുന്നതാണ്. അവർ അന്യോന്യം പതുക്കെ പറയും: പത്ത് ദിവസമല്ലാതെ നിങ്ങൾ ഭൂമിയിൽ താമസിക്കുകയുണ്ടായിട്ടില്ല എന്ന്. അവരിൽ ഏറ്റവും ന്യായമായ നിലപാടുകാരൻ ഒരൊറ്റ ദിവസം മാത്രമെ നിങ്ങൾ താമസിച്ചിട്ടുള്ളു എന്ന് പറയുമ്പോൾ അവർ പറയുന്നതിനെപ്പറ്റി നാം നല്ലവണ്ണം അറിയുന്നവനാകുന്നു” (20:102-104). **(തുടരും)**

കവർ സ്റ്റോറി

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# അഞ്ചിടങ്ങളിലെ അഞ്ചാണ്ടിന്റെ ജനാധിപത്യം

> കേരളത്തെ കാവി പുതപ്പിക്കുമെന്ന് ദൃഢനിശ്ചയം ചെയ്തവരെയും ലൗ ജിഹാദും മുസ്‌ലിം വിരുദ്ധതയും ആയുധമാക്കിയവരെയും നിഷ്പ്രഭമാക്കിയ ഫലം. മമതയുടെ സംഘ് വിരുദ്ധ വൻമതിൽ ഏവർക്കും മാതൃകയാണ്. ചിലയിടങ്ങളിലെ ബിജെപി സാന്നിധ്യത്തിന്റെ കാരണം മതേതര സമൂഹത്തിന്റെ അനൈക്യമാണ്. കേരളത്തിലെ കോൺഗ്രസിന്റെ ശക്തിക്ഷയം ഭാവികേരളത്തെ കുറിച്ച് ആശങ്കയുണർത്തുന്നു.

കേരളം അടക്കമുള്ള അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ ജനാധിപത്യത്തിന്റെ ശക്തിയെയും രാഷ്ട്ര രാഷ്ട്രീയ ബോധത്തിന്റെ അനിവാര്യതയെയും അരാഷ്ട്രീയ ചിന്തകൾ ഉയർത്തുന്ന ഭീഷണികളെയും വീണ്ടും നമ്മെ ബോധ്യപ്പെടുത്തുന്നു. കേരളത്തിൽ ഇടതുപക്ഷ മുന്നണിക്ക് വലിയ ഭൂരിപക്ഷത്തോടെ ഭര

ണത്തുടർച്ച ലഭിക്കുകയും അവർ വീണ്ടും സർക്കാർ രൂപീകരിക്കുകയും ചെയ്യുമ്പോൾ ബംഗാളിൽ മമതാ ബാനർജിയുടെ നേതൃത്വത്തിലുള്ള തൃണമൂൽ കോൺഗ്രസ് മൂന്നാമതും അധികാരത്തിലേറുകയാണ്. തമിഴ്നാട്ടിലാകട്ടെ 2011 മുതൽ രണ്ടുതവണ അധികാരത്തിൽ തുടർന്ന എഐഎഡിഎംകെയെ തറപറ്റിച്ച് വൻഭൂരിപക്ഷത്തിൽ ഡിഎംകെ അധികാരത്തിലെത്തിയിരിക്കുകയാണ്. പുതുച്ചേരിയിൽ കോൺഗ്രസിൽനിന്നും തെറ്റിപ്പിരിഞ്ഞു രൂപംകൊണ്ട എഐഎൻആർസി (ഓൾ ഇന്ത്യാ നമതു രാജ്യം കോൺഗ്രസ്) ബിജെപി സഖ്യമാണ് കോൺഗ്രസിൽനിന്നും പുതുച്ചേരിയുടെ അധികാരം തിരിച്ചുപിടിച്ചിരിക്കുന്നത്. അസമിലാവട്ടെ, ബിജെപി നേതൃത്വം നൽകുന്ന എൻഡിഎ വ്യക്തമായ ഭൂരിപക്ഷം നേടി ഭരണത്തുടർച്ച കൈവരിച്ചിരിക്കുകയാണ്.

### മങ്ങുന്ന കാവിപ്രഭ


ഈ തെരഞ്ഞെടുപ്പുകളിലെ ഏറ്റവും വലിയ പ്രതിഫലനം കേന്ദ്രം ഭരിക്കുന്ന കക്ഷിയായ ബിജെപിക്ക് ലഭിച്ച തിരിച്ചടിയാണ്. 2014 മുതൽ രാജ്യം ഭരിക്കുന്ന ബിജെപി ഏഴുവർഷം പിന്നിടുമ്പോൾ ദുർബലമായിക്കൊണ്ടിരിക്കുന്നു എന്ന സൂചനയാണ് തെരഞ്ഞെടുപ്പ് ഫലങ്ങൾ നമുക്ക് നൽകുന്ന സന്ദേശം. 2014ൽ നരേന്ദ്രമോഡി അധികാരത്തിൽ വന്ന ശേഷം ബിജെപിയും സംഘപരിവാർശക്തികളും നേടിയെടുത്ത വർധിതവീര്യം ചോർന്നുപോകുന്ന ഫലങ്ങളാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുള്ളത്. മോഡിയുടെ പ്രഭാവമായിരുന്നു 2016ലെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ പോലും ഒരു എൻട്രി സാധ്യമാക്കാൻ ബിജെപിക്ക് കഴിഞ്ഞത്. കോൺഗ്രസ് മൃഗീയ ഭൂരിപക്ഷത്തോടെ വിജയിച്ചുവന്നിരുന്ന അസമിലും 2016 മുതലാണ് ബിജെപി കുതിച്ചെത്തിയത്. ബംഗാളിൽ 2016ൽ നടന്ന തെരഞ്ഞെടുപ്പിൽ മോഡി പ്രഭാവം ഉയർത്തിക്കാണിച്ച് മുമ്പോട്ട് പോകാൻ ശ്രമിച്ച ബിജെപിക്ക് പക്ഷേ, അവിടെ അതിനു സാധിച്ചില്ല. മമത ഉയർത്തിയ വൻമതിൽ ചാടിക്കടന്ന് ബംഗാളിലേക്കെത്താൻ മോഡിപ്രഭാവത്തിന് കഴിഞ്ഞില്ല. ബിജെപിക്ക് സ്വയം വളരാനുള്ള അവസരം അതുമൂലം ഇല്ലാതാവുകയും ചെയ്തു. എന്നാൽ ഈ തെരഞ്ഞെടുപ്പിൽ 77 സീറ്റുകൾ ബിജെപി നേടിയിട്ടുണ്ടെങ്കിലും അത് ബിജെപിയുടെ രാഷ്ട്രീയ വിജയമായി കാണാൻ സാധിക്കില്ല. ബിജെപിക്ക് വൻ തിരിച്ചടി ഉണ്ടായിക്കൊണ്ടിരിക്കുന്നുവെങ്കിലും ശക്തമായ തിരിച്ചുവരവിനുള്ള സാധ്യതകൾ അവർ അന്വേഷിച്ചുകൊണ്ടേയിരിക്കുകയാണ്.

### സംഘപരിവാറും കേരളവും

കേരളത്തിൽ ഇത്തവണ മത്സരം കടുക്കുകയും, ഇരുമുന്നണികളും ആത്മവിശ്വാസം പുലർത്തുകയും ചെയ്തപ്പോൾ ന്യൂനപക്ഷങ്ങൾക്കും മതേതര സമൂഹത്തിനുമുണ്ടായിരുന്ന ആശങ്ക ഭീതിപ്പെടുത്തുന്ന സംഘപരിവാർ മുന്നേറ്റത്തെക്കുറിച്ചായിരുന്നു. 2016ൽ മോഡി പ്രഭാവത്തിൽ ഒ. രാജഗോപാൽ നേമത്ത് അപ്രതീക്ഷിത വിജയം നേടിയപ്പോൾ ബിജെപി കേന്ദ്രങ്ങൾ അത് കേരളത്തിലെ ബിജെപിയുടെ ഭാവി വളർച്ചയുടെ പ്രതീകമായി അവതരിപ്പിച്ചു. ഇത്തവണ 35 സീറ്റുവരെ നേടുമെന്നും അങ്ങനെയെങ്കിൽ കേരളഭരണം പിടിക്കാൻ സാധിക്കുമെന്നുവരെ അവർ അഹങ്കരിച്ചു. ബിജെപി അഞ്ചോ ആറോ സീറ്റുകൾ നേടുമെന്ന് വിവിധ മാധ്യമ സർവേകൾ വിളിച്ചുകൂവി. മഞ്ചേശ്വരം, തൃശൂർ, പാലക്കാട്, കോന്നി, കഴക്കൂട്ടം, നേമം എന്നീ മണ്ഡലങ്ങൾ മാധ്യമങ്ങളിലെ നിറസാന്നിധ്യങ്ങളായി. മതേതരത്വത്തിന്റെ ഈറ്റില്ലമായ കേരളത്തിൽ ബിജെപിക്ക് വളർച്ചയുണ്ടായിക്കഴിഞ്ഞാൽ അത് ഇന്ത്യമുഴുവൻ പ്രതിഫലിക്കും എന്നറിയാവുന്ന കേരളത്തിലെ മതനിരപേക്ഷ കക്ഷികളും മതേതരവിശ്വാ

> **“ഈ തെരഞ്ഞെടുപ്പുകളിലെ ഏറ്റവും വലിയ പ്രതിഫലനം കേന്ദ്രം ഭരിക്കുന്ന കക്ഷിയായ ബിജെപിക്ക് ലഭിച്ച തിരിച്ചടിയാണ്. 2014 മുതൽ രാജ്യം ഭരിക്കുന്ന ബിജെപി ഏഴുവർഷം പിന്നിടുമ്പോൾ ദുർബലമായിക്കൊണ്ടിരിക്കുന്നു എന്ന സൂചനയാണ് തെരഞ്ഞെടുപ്പ് ഫലങ്ങൾ നമുക്ക് നൽകുന്ന സന്ദേശം. 2014ൽ നരേന്ദ്രമോഡി അധികാരത്തിൽ വന്നശേഷം ബിജെപിയും സംഘപരിവാർശക്തികളും നേടിയെടുത്ത വർധിതവീര്യം ചോർന്നുപോകുന്ന ഫലങ്ങളാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുള്ളത്. മോഡിയുടെ പ്രഭാവമായിരുന്നു 2016ലെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ പോലും ഒരു എൻട്രി സാധ്യമാക്കാൻ ബിജെപിക്ക് കഴിഞ്ഞത്. മമത ഉയർത്തിയ വൻമതിൽ ചാടിക്കടന്ന് ബംഗാളിലേക്കെത്താൻ മോഡിപ്രഭാവത്തിന് കഴിഞ്ഞില്ല. ബിജെപിക്ക് സ്വയം വളരാനുള്ള അവസരം അതുമൂലം ഇല്ലാതാവുകയും ചെയ്തു.”**

സികളും സംഘപരിവാറിന്റെ കടന്നുവരവിനെ അങ്ങേയറ്റം ഭയന്നു. തെരഞ്ഞെടുപ്പുഫലം ഈ ഭയപ്പാടുകൾ ആവശ്യമില്ലെന്നാണ് വിളിച്ചുപറയുന്നത്. 2016ൽ 8671 വോട്ടിന്റെ ഭൂരിപക്ഷത്തിന് വിജയിച്ച നേമത്ത് അവരുടെ സ്റ്റാർ ക്യാംപയിനറായിരുന്ന കുമ്മനം രാജശേഖരൻ പരാജയപ്പെട്ടത് നാലായിരത്തോളം വോട്ടുകൾക്കാണ്. നാലായിരത്തോളം വോട്ടുകൾക്ക് തന്നെയാണ് മുഖ്യമന്ത്രി സ്ഥാനാർഥിയായി ബിജെപി അവതരിപ്പിച്ച 'മെട്രോമാൻ' പാലക്കാട്ട് കോൺഗ്രസിന്റെ യുവതാരം ശാഫി പറമ്പിലിനോട് പരാജയപ്പെട്ടതും. മഞ്ചേശ്വരത്ത് ബിജെപി സംസ്ഥാന പ്രസിഡന്റ് 2016ൽ കേവലം 89 വോട്ടുകൾക്കാണ് പരാജയപ്പെട്ടതെങ്കിൽ ഇത്തവണ യൂത്ത്ലീഗ് നേതാവായ എകെഎം അഷ്റഫിനോട് പരാജയപ്പെട്ടത് അറുനൂറോളം വോട്ടുകൾക്കാണ്. കഴക്കൂട്ടത്ത് നേരത്തെ വി.മുരളീധരൻ നേടിയ മുന്നേറ്റം നിലനിർത്താൻ ശോഭാസുരേന്ദ്രന് ആയില്ല. തൃശൂരിലും കോന്നിയിലും മൂന്നാം സ്ഥാനത്ത് തന്നെ തുടരാനായിരുന്നു ഇത്തവണയും വിധി. 2016നെ അപേക്ഷിച്ച് 2021 ൽ താരപദവിയുള്ള സ്ഥാനാർഥികളെ അവതരിപ്പിച്ചിട്ടു പോലും 0.7% വോട്ടുകൾ മാത്രമാണ് അവർക്ക് കൂടുതൽ നേടാൻ സാധിച്ചിട്ടുള്ളത് എന്നത് അവരുടെ നെഞ്ചിടിപ്പ് വർധിപ്പിച്ചിരിക്കുകയാണ്. ഈ തോൽവി ബിജെപിയെ സംബന്ധിച്ചിടത്തോളം കേരളത്തിൽ വലിയ നിരാശയാണ് സമ്മാനിച്ചിട്ടുള്ളത്. മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയായി എന്നു പറഞ്ഞപോലെ ബിജെപി കേരളനിയമസഭയിൽ വീണ്ടും വട്ടപ്പൂജ്യമായിരിക്കുകയാണ്.




### മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തിന് തിരിച്ചടി

മുസ്‌ലിം വിരുദ്ധ രാഷ്ട്രീയം വളർത്തി മുതലെടുപ്പ് നടത്താമെന്നു കരുതിയ മുഴുവൻ രാഷ്ട്രീയക്കാർക്കും തെരഞ്ഞെടുപ്പ് തിരിച്ചടിയായിരിക്കുകയാണ്. പൂഞ്ഞാറിൽ സ്ഥിരമായി വിജയിച്ചുവരുന്ന പി.സി ജോർജ് ഇത്തവണ ഹിന്ദു -ക്രിസ്ത്യൻ വോട്ടുകളെ ഏകീകരിച്ച് മതസാമുദായിക ധ്രുവീകരണത്തിലൂടെ ജയിച്ചു കയറാമെന്നു വിചാരിച്ചായിരുന്നു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. 32 വർഷം സ്വന്തം ഉള്ളംകൈയിൽ കൊണ്ടുനടന്ന പൂഞ്ഞാറിൽ 2016ൽ ഒരു കക്ഷിയുടെയും സഹായം കൂടാതെ മത്സരിച്ചിരുന്ന പി.സി ജോർജ് അന്ന് ഒറ്റക്ക് നേടിയ ഭൂരിപക്ഷം 27821 ആയിരുന്നു. എന്നാൽ മലയാളമണ്ണിന് പരിചയമില്ലാത്ത മുസ്‌ലിം വിരുദ്ധ വർഗീയ കാർഡുമായി രംഗത്തിറങ്ങിയപ്പോൾ പി.സിക്ക് പതിനേഴായിരത്തോളം വോട്ടിന് പരാജയപ്പെടേണ്ടി വന്നു. പി.സി ജോർജിനെ പോലെ തന്നെ 'ലൗ ജിഹാദ്' ആരോപണവുമായി രംഗത്തു വന്ന സ്ഥാനാർഥിയായിരുന്നു ജോസ് കെ മാണി. ക്രിസ്ത്യാനികളുടെ 'ഗോഡ് ഫാദറാ'ണ് താനെന്നു വരുത്തിത്തീർക്കുന്നതിന് വേണ്ടിയായിരുന്നു ജോസ് ലൗ ജിഹാദ് ആരോപണം ഉയർത്തിപ്പിടിച്ചത്. കോടതികൾ തള്ളിക്കളഞ്ഞ പഴകിപ്പുളിച്ച ലൗ ജിഹാദ് ആരോപണവുമായി രംഗത്തുവന്ന ജോസിന് പാലായിലെ വോട്ടർമാർ നൽകിയ മറുപടി ഗംഭീരമായിരുന്നു. പതിനയ്യായിരത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ജോസ് അവിടെ മാണി സി കാപ്പന് മുമ്പിൽ പരാജയപ്പെട്ടത്.

### ബംഗാളിൽനിന്നുള്ള പാഠം

ബംഗാളിൽ നടന്ന തെരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിൽ വന്നിരിക്കുകയാണ്. 'ദീദി' മമത ബാനർജി എന്ന 'പെൺസിംഹം' ബംഗാളിലെ മുഴുവൻ ആൺ നേതാക്കളുടെയും മുകളിൽ ചോദ്യം ചെയ്യപ്പെടാത്ത നേതാവായി മാറിയിരിക്കുകയാണ്. സ്വന്തം മണ്ഡലത്തിൽ പരാജയപ്പെട്ടിട്ടാണെങ്കിലും

പാർട്ടിക്കും പാർട്ടി പ്രവർത്തകർക്കും വലിയ കരുത്താണ് ദീദി സമ്മാനിച്ചിരിക്കുന്നത്. ഒരു കാലത്ത് സിപിഎം അടക്കിഭരിച്ചിരുന്ന ബംഗാൾ ഇന്ന് മമതയുടെ കരങ്ങളിൽ ഭദ്രമാണ്. ജ്യോതിബസുവിന്റെ കാലം കഴിഞ്ഞ് ബുദ്ധദേബ് ഭട്ടാചാര്യയുടെ ഭരണം പാതിവഴിയിൽ എത്തിയപ്പോഴേക്കും സിപിഎം ദുർബലമായി. 2006ൽ സിപിഎം 176 സീറ്റുകൾ നേടിയപ്പോൾ 2011ൽ 40 സീറ്റിലേക്ക് ചുരുങ്ങിയത് മുതലാണ് സിപിഎമ്മിന്റെ പതനം ആരംഭിക്കുന്നത്. മമതയുടെ നേതൃത്വത്തിൽ തൃണമൂൽ കോൺഗ്രസ് 2011 മുതൽ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചുകൊണ്ടിരിക്കുകയാണ്. 2011ൽ സിപിഎം നേടിയത് 40 സീറ്റായിരുന്നുവെങ്കിൽ 2016ൽ കേവലം 26 സീറ്റുകൾ കൊണ്ട് അവർക്ക് തൃപ്തിപ്പെടേണ്ടി വന്നു.

ഇപ്പോൾ സിപിഎം അടക്കമുള്ള മുഴുവൻ ഇടതുകക്ഷികളും അവിടെ വട്ടപ്പൂജ്യമായിരിക്കുന്നു. എന്നാൽ സിപിഎം പൂജ്യമായപ്പോൾ അവിടെ ബിജെപി 77 സീറ്റ് നേടി മുഖ്യപ്രതിപക്ഷമായിരിക്കുന്നു. ബിജെപി എങ്ങനെ ഇത്രയധികം സീറ്റുകൾ നേടി? തൃണമൂൽ കോൺഗ്രസ് 2016ൽ നേടിയ അത്രയും സീറ്റാണ് ഇത്തവണയും നേടിയത്. 2016ൽ 211 സീറ്റായിരുന്നെങ്കിൽ ഇപ്പോൾ 213 സീറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. വട്ടപ്പൂജ്യമായ കോൺഗ്രസും സിപിഎമ്മും ആണ് അതിന് മറുപടി പറയേണ്ടത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേടിയ 44 സീറ്റുകളും ഇടതുപാർട്ടികൾ നേടിയ 36 സീറ്റുകളും ഇത്തവണ എവിടെ പോയി എന്നതിന് കൂടുതൽ അന്വേഷണം ആവശ്യമില്ല. 3 സീറ്റുകൾ മാത്രമുണ്ടായിരുന്ന ബിജെപി ഇത്തവണ നേടിയത് 77 സീറ്റുകൾ ആണ് എന്നതാണ് അതിനുള്ള ഉത്തരം.

ജ്യോതിബസുവിന്റെ കാലത്തും ബംഗാളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഉണ്ടായിരുന്നു. പക്ഷേ, സംഘടനാ ദൗർബല്യം കാരണം കോൺഗ്രസിന് നേരെ നിവർന്നുനിൽക്കുവാൻ സാധിക്കുമായിരുന്നില്ല. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ശക്തമായ രാഷ്ട്രീയ സാന്നിധ്യമറിയിച്ചുകൊണ്ടാണ് മമത മുന്നേറിക്കൊണ്ടിരിക്കുന്നത്. സിപിഎം ദുർബലമാകുമ്പോൾ ബംഗാളിൽ ഉണ്ടാവാൻ സാധ്യതയുള്ള ബിജെപിയുടെ വളർച്ച തടയുന്നതിൽ അവർ വിജയിച്ചു. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും വർഗീയതയെ തടയുന്നതിലും മുന്നിൽ നിന്നുകൊണ്ടാണ് ശക്തമായ ഇടതുപക്ഷ വേരുകളുള്ള ബംഗാളിൽ ഒരു 'കോൺഗ്രസ് പാർട്ടി'യെ വളർത്തിവലുതാക്കുവാൻ അവർക്ക് സാധിച്ചത്. മറ്റു സംസ്ഥാനങ്ങളിൽ കോൺഗ്രസ് തകരുമ്പോൾ അവിടെയെല്ലാം സംഘപരിവാർ വളരുകയാണ്. ഇവിടെയാണ് മമതയുടെ ഇച്ഛാശക്തിയും ജനകീയമുഖവും പ്രസക്തമാകുന്നത്.

1999 മുതൽ ഏതാനും വർഷങ്ങൾ മമത വാജ്പേയിയുടെ കാലത്ത് എൻഡിഎയുടെ കൂടെ ആയിരുന്നു എന്നത് മാത്രമാണ് അവരുടെ രാഷ്ട്രീയജീവിതത്തിലെ കരിനിഴലായി രേഖപ്പെടുത്താവുന്നത്. എന്നാൽ ഇന്ന് നരേന്ദ്രമോഡിക്കെതിരെ അതിശക്തമായി പ്രതികരിക്കുകയും നിർഭയം സംഘപരിവാറിനെയും ബിജെപിയെയും എതിർക്കുകയും ചെയ്യുന്നതിൽ അവർ ഏറെ മുമ്പിലാണ്.

### കാവി പുരളുന്ന ദ്രാവിഡനാട്

തമിഴ്നാട് രാഷ്ട്രീയത്തിൽ കാലൂന്നാൻ ബിജെപി ഏറെക്കാലമായി ശ്രമിക്കുന്നുണ്ട്. 1980ൽ പാർട്ടി ഉണ്ടായതുമുതൽ അവിടെ മത്സരിക്കുന്നുണ്ടെങ്കിലും ദ്രാവിഡ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന മണ്ണിൽ വർഗീയത ഒട്ടും വളരില്ല എന്നതുകൊണ്ടുതന്നെ അവർക്ക് കാര്യമായ നേട്ടങ്ങളൊന്നും ഉണ്ടാ

> **മുസ്‌ലിം വിരുദ്ധ രാഷ്ട്രീയം വളർത്തി മുതലെടുപ്പ് നടത്താമെന്നു കരുതിയ മുഴുവൻ രാഷ്ട്രീയക്കാർക്കും തെരഞ്ഞെടുപ്പ് തിരിച്ചടിയായിരിക്കുകയാണ്. പൂഞ്ഞാറിൽ സ്ഥിരമായി വിജയിച്ചുവരുന്ന പി.സി ജോർജ് ഇത്തവണ ഹിന്ദു-ക്രിസ്ത്യൻ വോട്ടുകളെ ഏകീകരിച്ച് മതസാമുദായിക ധ്രുവീകരണത്തിലൂടെ ജയിച്ചു കയറാമെന്നു വിചാരിച്ചായിരുന്നു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. 32 വർഷം സ്വന്തം ഉള്ളം കൈയിൽ കൊണ്ടുനടന്ന പൂഞ്ഞാറിൽ മലയാളമണ്ണിന് പരിചയമില്ലാത്ത മുസ്‌ലിം വിരുദ്ധ വർഗീയ കാർഡുമായി രംഗത്തിറങ്ങിയപ്പോൾ പതിനേഴായിരത്തോളം വോട്ടിന് പരാജയപ്പെട്ടു. പി.സി ജോർജിനെ പോലെ തന്നെ 'ലൗ ജിഹാദ്' ആരോപണവുമായി രംഗത്തു വന്ന സ്ഥാനാർഥിയായിരുന്ന ജോസ് കെ മാണി. കോടതികൾ തള്ളിക്കളഞ്ഞ പഴകിപ്പുളിച്ച ലൗ ജിഹാദ് ആരോപണവുമായി രംഗത്തുവന്ന ജോസ് പതിനയ്യായിരത്തോളം വോട്ടിനാണ് ജോസ് അവിടെ മാണി സി കാപ്പന് മുമ്പിൽ പരാജയപ്പെട്ടത്.**


ക്കാൻ സാധിച്ചിരുന്നില്ല. 1996ൽ എഐഎഡിഎംകെയുടെ പിന്തുണയോടെ ബിജെപി ഒരു സീറ്റ് നേടിയതിലൂടെയാണ് തമിഴ്നാട്ടിൽ അവർ അരങ്ങേറ്റം കുറിച്ചത്. എന്നാൽ ഒരു മുന്നണിയിലേക്ക് പ്രവേശിച്ചത് 2001ൽ ആയിരുന്നു. എഐഡിഎംകെയുമായി കൊമ്പുകോർക്കുന്നതിനിടക്ക് കരുണാനിധിക്ക് സംഭവിച്ച ഒരു അബദ്ധമായിരുന്നു അത്. 2001 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഡിഎംകെയുടെ മുന്നണിയിൽ അംഗമായ ബിജെപി നാല് സീറ്റുകൾ നേടിയിരുന്നു. അന്നത്തെ മുഖ്യമന്ത്രി ജയലളിത ഏക സിവിൽകോഡിനും അയോധ്യയിലെ രാമക്ഷേത്ര നിർമാണത്തിനും പിന്തുണ പ്രഖ്യാപിച്ചതും മതപരിവർത്തന നിരോധന നിയമം കൊണ്ടുവരാൻ തുനിഞ്ഞതും മുസ്ലിം, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിലും ദളിതരിലും വലിയ ആശങ്ക ഉയർത്തിയിരുന്നു. ഇത് തിരിച്ചറിഞ്ഞ കരുണാനിധി, ജയലളിത ഭീകര നിരോധന ആക്റ്റ് (POTA) ദുരുപയോഗം ചെയ്യുന്നുവെന്നും ബിജെപി അതിനു കൂട്ടുനിൽക്കുന്നുവെന്നും ആരോപിച്ച് എൻഡിഎ മുന്നണിയിൽനിന്നും രാജിവെച്ച് രക്ഷപ്പെട്ടു. അതോടെ തമിഴ്നാട് അസംബ്ലിയിൽനിന്നും ബിജെപി തുടച്ചുനീക്കപ്പെട്ടു.

ശക്തമായ മോഡിപ്രഭാവത്തിൽ നടന്ന 2016ലെ തെരഞ്ഞെടുപ്പിൽ ആകെയുള്ള 234 സീറ്റിൽ മത്സരിച്ചിട്ടും ബിജെപിക്ക് തമിഴ്നാട് അസംബ്ലിയിലേക്ക് കയറിപ്പറ്റാൻ കഴിഞ്ഞില്ല. എന്നാൽ 2021 ആയപ്പോൾ ബിജെപി തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പ് പോളിസിയിൽ മാറ്റംവരുത്തി. തമിഴ്നാട്ടിൽ എൻഡിഎ മുന്നണി രൂപീകരിക്കുകയും എഐഎഡിഎംകെയുടെ നേതൃത്വത്തിൽ ബിജെപി അതിൽ അംഗമാവുകയും ചെയ്തു. 20 സീറ്റിൽ മത്സരിച്ച് 4 സീറ്റുകൾ ഇപ്പോൾ അവർ നേടിയിരിക്കുന്നു. എഐഎഡിഎം കെയുടെയോ ഡിഎംകെയുടെയോ സഹായമില്ലാതെ ഒരിക്കലും തമിഴ്നാട് അസംബ്ലി കാണാൻ സാധിക്കാത്ത പാർട്ടിക്ക് എഐഎഡിഎംകെ പാത തുറന്നു കൊടുത്തിരിക്കുന്നു. രണ്ടിലയിലൂടെ നാല് താമരകൾ തമിഴ്നാട്ടിൽ വിരിഞ്ഞിരിക്കുന്നു.

പക്ഷേ, തമിഴ്നാട് തെരഞ്ഞെടുപ്പിൽ 159 സീറ്റുകൾ കൊയ്തെടുത്തതുകൊണ്ട് മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ ഡിഎംകെയുടെ 'ഉദയസൂര്യൻ' അധികാരത്തിൽ വന്നതോടെ ബിജെപിയുടെയും എൻഡിഎയുടെയും ഉദയത്തിന് ഒട്ടും ശോഭയില്ലാതെയായി. എന്നാൽ നാല് സീറ്റുകൾ നാൽപതും നാനൂറുമാക്കാനുള്ള കുതന്ത്രങ്ങൾ സംഘപരിവാർ ശക്തികൾക്കുണ്ട് എന്നത് തമിഴ്നാട്ടിലെ മതനിരപേക്ഷ കക്ഷികൾ ഗൗരവമായി ഉൾക്കൊണ്ടില്ലെങ്കിൽ ഭാവിയിൽ തമിഴ്നാട് കാവിയണിയും എന്ന കാര്യത്തിൽ സംശയമില്ല. അണ്ണാ ദുരൈയുടെയും കരുണാനിധിയുടെയും മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെയും പാതയിലൂടെ സഞ്ചരിച്ച് ദ്രാവിഡ രാഷ്ട്രീയത്തിന്റെ മതനിരപേക്ഷ മേന്മയെ ഉയർത്തിപ്പിടിക്കുന്ന എം.കെ സ്റ്റാലിൻ എന്ന രാഷ്ട്രീയ നേതാവ് തമിഴ് രാഷ്ട്രീയത്തിന് ദിശാബോധം നൽകുന്നത് ആശ്വാസം പകരുന്ന കാര്യമാണ്. അതുതന്നെയാണ് സംഘപരിവാർ ശക്തികളുടെ ഉറക്കം കെടുത്തുന്നതും.

### ബിജെപി വിഴുങ്ങുന്ന അസം

അസം എന്ന വടക്കുകിഴക്കൻ സംസ്ഥാനത്തിന് വർഗീയതയുമായോ വർഗീയകക്ഷികളുമായോ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ബിജെപി പേരിനുമാത്രം ഒന്നോ രണ്ടോ സീറ്റുകളിൽ ചിലപ്പോൾ വിജയിച്ചും പരാജയപ്പെട്ടും മാത്രം പ്രാതിനിധ്യം അറിയിച്ചിരുന്നു. അസമിന്റെ പ്രാദേശിക ഘടന ബജെപിയുടെ വളർച്ചയ്ക്ക് ഒട്ടും അനുഗുണമായിരുന്നില്ല. ഹിന്ദുത്വ അജണ്ടകൾക്കൊപ്പം സഞ്ചരിക്കുന്നതിന് പകരം അസമിലെ തനതു നാട്ടുകാരായ ഗോത്രവിഭാഗങ്ങളുടെ സംരക്ഷകരായി അവർ രംഗപ്രവേശം ചെയ്തു. 2011ൽ നടന്ന തെരഞ്ഞെടുപ്പിൽ ബിജെപിക്ക് കേവലം 5 സീറ്റുകൾ



മാത്രമാണുണ്ടായിരുന്നത്. എന്നാൽ മൗലാനാ ബദറുദ്ദീൻ അജ്മലിന്റെ നേതൃത്വത്തിൽ 2005ൽ രൂപീകൃതമായ എഐയുഡിഎഫിന് 2011ലെ തെരഞ്ഞെടുപ്പിൽ 18 സീറ്റുകൾ ലഭിച്ചത് ബിജെപിയുടെ ഹിന്ദുത്വ ക്യാമ്പയിനുള്ള ആയുധമാക്കി ഹിന്ദുസമൂഹത്തിൽ വ്യാപകമായ ഭീതി വളർത്തി അവർ പ്രചാരണം ആരംഭിച്ചു. എഐയുഡിഎഫിനെ വളർത്തുന്നത് കോൺഗ്രസ് ആണെന്ന പ്രചാരണം അവർ നടത്തി. അതോടൊപ്പം ബംഗ്ലാദേശിൽനിന്നുള്ള കുടിയേറ്റക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അവിടുത്തെ ഹിന്ദു സമൂഹങ്ങളിൽ മുസ്‌ലിംകളെ കുറിച്ചുള്ള ഭയം സൃഷ്ടിച്ചു.

അസമിൽ 1980 മുതൽ ബിജെപി ഉണ്ടെങ്കിലും ശക്തമായ ഒരു നേതൃത്വം ഉണ്ടായിരുന്നില്ല. എന്നാൽ കോൺഗ്രസ് നേതാവായിരുന്ന ഹിമന്ത ബിശ്വ സർമയും അസം ഗണപരിഷത്ത് നേതാവായിരുന്ന സർവാനന്ദ സോനോവലും ബിജെപിയിൽ ചേർന്നതോടെ ബിജെപിക്ക് ഒരു നേതൃത്വമുണ്ടായി. 2014ൽ നരേന്ദ്രമോഡി പ്രധാനമന്ത്രിയായശേഷം കേന്ദ്രസർക്കാർ അസമിലെ കുടിയേറ്റ പ്രശ്നങ്ങൾ രൂക്ഷമാക്കുകയും പൗരത്വ പ്രശ്നങ്ങൾ ഊതിവീർപ്പിച്ച് വർഗീയ മുതലെടുപ്പ് നടത്താൻ ശ്രമിക്കുകയും ചെയ്തു. വളരെക്കാലം അധികാരത്തിലിരുന്ന കോൺഗ്രസ് ആവട്ടെ ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് പകരം അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങിക്കുളിച്ചു. കോൺഗ്രസ് നേതാവും മൂന്നുതവണ അസം മുഖ്യമന്ത്രിയുമായ തരുൺ ഗൊഗോയിയെ ജനങ്ങൾക്ക് മടുത്തു. സ്വന്തം മകൻ ഗൗരവിനെ നേതൃത്വത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ച ഗൊഗോയിയുടെ നടപടിക്കെതിരെ വ്യാപക വിമർശനമുയർന്നു. അസമിലെ കോൺഗ്രസ് നേതാക്കളിൽ പലരെക്കുറിച്ചും ഇതുപോലെയുള്ള വിമർശനങ്ങളുണ്ടായി. 2016ലെ തെരഞ്ഞെടുപ്പിൽ ഇത് പ്രതിഫലിച്ചു. സംസ്ഥാന പിസിസി പ്രസിഡന്റ് അഞ്ചൻ ദത്തയുടെ മകൾ, മന്ത്രി ഭൂമിദറിന്റെ മകൻ, രാജ്യസഭാ എംപി റാണി നാറയുടെ ഭർത്താവ്, ലോകസഭാ എംപി സുസ്മിത ദേവിന്റെ അമ്മ എന്നിങ്ങനെ നേതാക്കളുടെ ബന്ധുക്കളിൽ പലരും തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ബിജെപി അസം ഗണപരിഷത്തിനെയും ബോഡോലാൻഡ് പീപ്പിൾസ് ഫ്രണ്ടിനെയും ഉൾപ്പെടുത്തി മുന്നണി രൂപീകരിച്ചു. കോൺഗ്രസും എഐയുഡിഎഫും മുന്നണിയില്ലാതെ ഒറ്റയ്ക്ക് മത്സരിച്ചു. ബിജെപിക്ക് മാത്രം 60 സീറ്റ് ലഭിച്ചു. മുന്നണിക്ക് ആകെ 86 സീറ്റും ലഭിച്ചു. കോൺഗ്രസ് 26ലേക്ക് ചുരുങ്ങി. എഐയുഡിഎഫിന് 13 സീറ്റും ലഭിച്ചു.

ബിജെപിക്ക് ഒട്ടും പരിചിതമല്ലാതിരുന്ന അസം എങ്ങനെയാണ് ബിജെപി കൈപ്പിടിയിൽ ഒതുക്കിയത് എന്നത് ചരിത്രം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ ചരിത്രം പഠിക്കാൻ മതനിരപേക്ഷ കക്ഷികൾ ഇനിയും തയ്യാറായിട്ടില്ല എന്നതാണ് അസമിലെ ബിജെപിയുടെ മുന്നേറ്റം നമ്മെ ബോധ്യപ്പെടുത്തുന്നത്. ഈ തെരഞ്ഞെടുപ്പിൽ ബിജെപി തങ്ങളുടെ 60 സീറ്റും നിലനിർത്തി. ബിജെപി മുന്നണിക്ക് 75 സീറ്റുകളും ലഭിച്ചു. കോൺഗ്രസ്, എഐയുഡിഎഫ്, ബിപിഎഫ്, സിപിഎം പാർട്ടികൾ ഒന്നിച്ച് 50 സീറ്റുകളും നേടി. കോൺഗ്രസിന് ആവശ്യം വിശ്വാസ്യതയുള്ള നേതൃത്വവും ചടുലമായി പ്രവർത്തിക്കാനുള്ള പ്രവർത്തകരുമാണ്. അതുണ്ടെങ്കിൽ അസമിനെ തിരിച്ചുപിടിക്കാൻ ഒട്ടും പ്രയാസമില്ല. ബംഗാളിലും തമിഴ്നാട്ടിലും കണ്ടതുപോലെ ഇച്ഛാശക്തിയുള്ള നേതൃത്വമാണ് അസമിനും വേണ്ടത്.

> **ജ്യോതിബസുവിന്റെ കാലത്തും ബംഗാളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഉണ്ടായിരുന്നു. പക്ഷേ, സംഘടനാ ദൗർബല്യം കാരണം കോൺഗ്രസിന് നേരെ നിവർന്നുനിൽക്കുവാൻ സാധിക്കുമായിരുന്നില്ല. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ശക്തമായ രാഷ്ട്രീയ സാന്നിധ്യമറിയിച്ചുകൊണ്ടാണ് മമത മുന്നേറിക്കൊണ്ടിരിക്കുന്നത്. സിപിഎം ദുർബലമാകുമ്പോൾ ബംഗാളിൽ ഉണ്ടാവാൻ സാധ്യതയുള്ള ബിജെപിയുടെ വളർച്ച തടയുന്നതിൽ അവർ വിജയിച്ചു. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും വർഗീയതയെ തടയുന്നതിലും മുന്നിൽ നിന്നുകൊണ്ടാണ് ശക്തമായ ഇടതുപക്ഷ വേരുകളുള്ള ബംഗാളിൽ ഒരു 'കോൺഗ്രസ് പാർട്ടി'യെ വളർത്തി വലുതാക്കുവാൻ അവർക്ക് സാധിച്ചത്. മറ്റു സംസ്ഥാനങ്ങളിൽ കോൺഗ്രസ് തകരുമ്പോൾ അവിടെ സംഘപരിവാർ വളരുകയാണ്. ഇവിടെയാണ് മമതയുടെ ഇച്ഛാശക്തിയും ജനകീയമുഖവും പ്രസക്തമാകുന്നത്.**

## പുതുച്ചേരിയുടെ വിധി

ചിതറിക്കിടക്കുന്ന കേന്ദ്രഭരണ പ്രദേശമാണ് പോണ്ടിച്ചേരി എന്നറിയപ്പെട്ടിരുന്ന പുതുച്ചേരി സംസ്ഥാനം. വടക്കൻ കേരളത്തിലെ മാഹി, ആന്ധ്രപ്രദേശിലെ യാനം, തമിഴ്നാട്ടിലെ കാരയ്ക്കൽ, പുതുച്ചേരി എന്നീ പ്രദേശങ്ങൾ ചേർന്നതാണ് പുതുച്ചേരി സംസ്ഥാനം. കോൺഗ്രസ്, ഡിഎംകെ, എഐഡിഎംകെ എന്നീ പാർട്ടികൾ മാറിമാറി ഭരിച്ച പ്രദേശമാണ് പുതുച്ചേരി. ബിജെപിക്ക് സ്വപ്നം കാണാൻ പോലും സാധിക്കാത്ത ദ്രാവിഡ സംസ്കാരത്തിന്റെയും കോൺഗ്രസ് രാഷ്ട്രീയത്തിന്റെയും തലോടൽ ഏറ്റുകഴിഞ്ഞിരുന്ന ശാന്തസുന്ദരമായ പ്രദേശങ്ങൾ. എന്നാൽ ഇന്ന് ബിജെപി അധികാരം പങ്കിടുന്ന സംസ്ഥാനമായി മാറിയിരിക്കുന്നു പുതുച്ചേരി.

2011ൽ പുതുച്ചേരിയിൽ മുഖ്യമന്ത്രി സ്ഥാനത്തെ കുറിച്ചുണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് പ്രമുഖ കോൺഗ്രസ് നേതാവ് എൻ. രംഗസ്വാമി കോൺഗ്രസ് വിട്ടു. തുടർന്ന് അദ്ദേഹം രൂപീകരിച്ച പാർട്ടിയാണ് എഐഎൻആർസി (ഓൾ ഇന്ത്യാ നമതു രാജ്യം കോൺഗ്രസ്). പാർട്ടിയുടെ പേരിലുള്ള 'എൻആർ' എന്നതിന് എൻ രംഗസ്വാമി എന്നും വ്യാഖ്യാനമുണ്ട്. 2011ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെ ഞെട്ടിച്ച് രംഗസ്വാമിയുടെ പാർട്ടി എഐഎഡിഎംകെയുമായി ചേർന്ന് മുന്നണി രൂപീകരിച്ച് 30 അംഗ നിയമസഭയിൽ 20 സീറ്റ് നേടി. രംഗസ്വാമി മുഖ്യമന്ത്രിയുമായി. കോൺഗ്രസും ഡിഎംകെയുമായിരുന്നു പ്രതിപക്ഷ മുന്നണി. എന്നാൽ നരേന്ദ്രമോഡി അധികാരത്തിൽ വന്നശേഷം 2016ൽ നടന്ന തെരഞ്ഞെടുപ്പിൽ ബിജെപി 30 സീറ്റിലും മത്സരിച്ചു. രംഗസ്വാമിക്ക് വേണ്ടത്ര സീറ്റുകളിൽ വിജയിക്കാനായില്ല. കോൺഗ്രസ് ഡിഎംകെ മുന്നണി അധികാരത്തിൽ വന്നു. ഈ അവസരം മുതലെടുത്ത് ബിജെപി രംഗസ്വാമിയുടെ മുന്നണിയിൽ ചേക്കേറി. 'നമതു രാജ്യം കോൺഗ്രസ്' അങ്ങനെ എൻഡിഎ യുടെ ഘടകകക്ഷിയായി.

2021ൽ ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിൽ 9 സീറ്റിൽ മത്സരിച്ച ബിജെപി 6 എണ്ണത്തിലും വിജയിച്ചു. രംഗസ്വാമിയുടെ പാർട്ടി പത്ത് സീറ്റുകളും ലഭിച്ചതോടെ അവരുടെ മുന്നണിക്ക് കേവലഭൂരിപക്ഷമായി. ഇനി പുതുച്ചേരി ഭരിക്കുന്നത് എൻഡിഎ ആണ്. കോൺഗ്രസും ഡിഎംകെയും അടങ്ങുന്ന യുപിഎയും സ്വതന്ത്രരും 14ൽ ഒതുങ്ങി. പുതുച്ചേരി ബിജെപി ഭരിക്കുന്നതോടെ ദ്രാവിഡ രാഷ്ട്രീയത്തിലേക്കുള്ള സംഘപരിവാറിന്റെ പ്രവേശനമായി അതിനെ കാണേണ്ടതുണ്ട്. ഇത്തവണ നാല് സീറ്റുകൾ നേടിയ തമിഴ്നാട്ടിൽ സ്വാധീനം ഒന്നുകൂടി ഉറപ്പിക്കാൻ അതുവഴി സാധിക്കുമെന്ന് നിരീക്ഷിക്കാവുന്നതാണ്. കോൺഗ്രസ് പാർട്ടിക്കുള്ളിൽ ഉണ്ടാവുന്ന ഭിന്നതകളാണ് ബിജെപിക്ക് ഒട്ടും സ്വാധീനമില്ലാത്ത സംസ്ഥാനങ്ങളിലേക്ക് പ്രവേശനം സാധ്യമാക്കുന്നത് എന്ന യാഥാർഥ്യമാണ് ഇത് വിരൽചൂണ്ടുന്നത്.

## കേരളത്തിലെ ഭരണത്തുടർച്ച

കേരളത്തിൽ ഇത്തവണ ഇടതുമുന്നണിക്ക് ഭരണത്തുടർച്ച നൽകിക്കൊണ്ടാണ് ജനങ്ങൾ സമ്മതിദാനം നിർവഹിച്ചത്. 1970ൽ അധികാരത്തിൽ വന്ന ഐക്യമുന്നണിക്ക് (കോൺഗ്രസ്-സിപിഐ-ലീഗ്) 1977ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ ഭരണത്തുടർച്ച ലഭിച്ച ചരിത്രം കേരളത്തിലുണ്ട്. പിന്നീട് മാറി മാറി വന്ന മുന്നണികളാണ് കേരളം ഭരിച്ചത്. അതിനു വിപരീതമായി 1970-77ലെ അനുഭവങ്ങളെ ഓർമപ്പെടുത്തുന്ന തെരഞ്ഞെടുപ്പ് ഫലമാണ് ഇപ്പോൾ വന്നിട്ടുള്ളത്. കേരളത്തെ മതേതര ചേരിയിൽ ഉറപ്പിച്ചു നിർത്തുന്നതിൽ ഐക്യമുന്നണിയും ഇടതുമുന്നണിയും തമ്മിലുള്ള മത്സരങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഭൂരിപക്ഷ, ന്യൂനപക്ഷ വർഗീയ സംഘടനകൾക്കും ദേശവിരുദ്ധ പ്രസ്ഥാനങ്ങൾക്കും ഇടംനൽകാതെ സൂക്ഷിക്കുന്നതിൽ ഈ രാഷ്ട്രീയാവസ്ഥ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തെ കാവിപുതപ്പിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെടുന്നതിൽ ഈ മുന്നണികൾ വഹിച്ച പങ്കിനെ വിസ്മരിക്കാൻ കഴിയില്ല. 99 സീറ്റുകൾ നേടി ഇടതു മുന്നണി ഭരണം തുടരുകയാണ്. 2001ൽ എകെ ആന്റണിയുടെ നേതൃത്വത്തിൽ ഐ



ക്യമുന്നണി 99 സീറ്റുകൾ നേടിയിരുന്നു. അതിനു ശേഷം ആദ്യമായാണ് ഒരു സർക്കാർ ഇത്രയും വലിയ ഭൂരിപക്ഷത്തിൽ അധികാരത്തിൽ വരുന്നത്.

### കേരളത്തിന്റെ രാഷ്ട്രീയ ഭാവി

സംസ്ഥാന തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി വൻഭൂരിപക്ഷത്തോടെ അധികാരത്തിൽ വരികയും സംഘപരിവാറിനെ തൂത്തെറിയുകയും ചെയ്തുവെങ്കിലും സംസ്ഥാനത്തെ ആശങ്കപ്പെടുത്തുന്ന ഒരു ഫലം കൂടി ദൃശ്യമാകുന്നുണ്ട്. അത് കോൺഗ്രസ് പാർട്ടിയുടെ തകർച്ചയാണ്. കേവലം 21 സീറ്റുകളിലേക്ക് കോൺഗ്രസ് ഒതുങ്ങുകയും ചില ജില്ലകളിൽ പേരിനുപോലും ഒരു കോൺഗ്രസ് പ്രതിനിധി ഇല്ലാതാകുകയും ചെയ്തത് അപായസൂചനയാണ്. ബിജെപിയുടെ പ്രഥമലക്ഷ്യം കോൺഗ്രസിനെ തകർക്കുക എന്നതാണെന്ന് അവർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കോൺഗ്രസ്മുക്ത പ്രദേശങ്ങളിലാണ് കാവിരാഷ്ട്രീയം വളരുക എന്നതാണ് അതിന്റെ കാരണം. സിപിഎം കൂടൊഴിഞ്ഞ ബംഗാളിൽ ബിജെപിയാണ് പുതിയ പ്രതിപക്ഷം എന്ന കാര്യം ഓർക്കേണ്ടതാണ്.

കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയ കേന്ദ്രങ്ങൾ പോലും കോൺഗ്രസ് നിലനിൽക്കൽ അനിവാര്യമാണെന്ന് വിശ്വസിക്കുന്നു. അതിനുള്ള കാരണം കോൺഗ്രസ് നശിക്കുന്നിടത്ത് ബിജെപി വിത്തുപാകാൻ ശ്രമിക്കുമെന്നതാണ്. യുഡിഎഫിലെ ഇതര ഘടകകക്ഷികളുടെ സംഭാവനകൾ കൂടി ഇല്ലായിരുന്നുവെങ്കിൽ കോൺഗ്രസ് നാമാവശേഷമാകുമായിരുന്നു എന്നതാണ് വാസ്തവം. മതനിരപേക്ഷ കക്ഷികൾ, അവർ ഏതു രാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്നവരാണെങ്കിൽ പോലും, നിലനിൽക്കൽ അനിവാര്യമാണ്. അവർ തമ്മിലുള്ള മത്സരങ്ങളുടെ ബാലൻസിംഗിലാണ് രാജ്യത്തിന്റെ മതനിരപേക്ഷത സംരക്ഷിക്കപ്പെടുന്നത്. ഇത് മനസ്സിലാക്കാൻ കോൺഗ്രസ് നേതൃത്വം തയ്യാറാവേണ്ടതുണ്ട്.

രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ കോൺഗ്രസ് നാമാവശേഷമാവാനുള്ള കാരണം കോൺഗ്രസിനകത്തെ പടലപ്പിണക്കങ്ങളാണ്. അതിന്റെ പേരിലാണ് വിവിധ കോൺഗ്രസ് പാർട്ടികൾ രൂപം കൊണ്ടത്. എൻസിപിയും തൃണമൂലും വൈഎസ്ആർ കോൺഗ്രസും എഐഎൻആർസിയും മറ്റു പല സംഘടനകളുമായി കോൺഗ്രസ് ഇന്ന് വിവിധ സംസ്ഥാനങ്ങളിൽ പല കഷ്ണങ്ങളായി മാറിയിരിക്കുകയാണ്. കേരളത്തിൽ കോൺഗ്രസ് ഒന്നാണെങ്കിലും വിവിധ ഗ്രൂപ്പുകളാണ് എന്നത് കോൺഗ്രസ് നേതാക്കളും സമ്മതിക്കുന്ന സത്യമാണ്. കോൺഗ്രസ് നേതൃത്വം സഗൗരവം ചിന്തിക്കേണ്ടതുണ്ട്. തെറ്റുകൾ തിരുത്തി വിട്ടുവീഴ്ചകളിലൂടെ രാജ്യത്തെ തിരിച്ചുകൊണ്ടുവരാനുള്ള പ്രയത്നത്തിൽ കേന്ദ്രീകരിച്ചെങ്കിൽ മാത്രമെ പാർട്ടി നിലനിൽക്കുകയുള്ളൂ.

**ഇരകളെ തേടിവന്ന കടുവകളെ പോലെയാണ് സംഘപരിവാർ. ഇരകളെ കിട്ടാതെ തൽക്കാലം മടങ്ങിയിട്ടുണ്ടെങ്കിലും അവർ തക്കംപാർത്തിരിക്കുകയാണ്. എവിടെയാണ് നേതൃത്വരാഹിത്യം, എവിടെയാണ് കൂട്ടം തെറ്റിയ ആട്ടിൻപറ്റങ്ങൾ എന്നീ കാര്യങ്ങൾ അവർ നോക്കിക്കൊണ്ടിരിക്കുകയാണ്. അസമിൽ അവർ ഇതേ തന്ത്രമാണ് പയറ്റിയത്. അത് നമ്മുടെ കേരളത്തിൽ ഉണ്ടായിക്കൂടാ. മതസൗഹാർദത്തിനും ശാന്തിക്കും സമാധാനത്തിനും പേരുകേട്ട നമ്മുടെ സംസ്ഥാനത്ത് വർഗീയ ധ്രുവീകരണം ഉണ്ടായിക്കൂടാ. കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക തനിമ നിലനിർത്തുവാൻ മുഴുവൻ മതനിരപേക്ഷ കക്ഷികൾക്കും ബാധ്യതയുണ്ട്.**

### സംഘപരിവാറിനെ കരുതിയിരിക്കുക

ഇരകളെ തേടിവന്ന കടുവകളെ പോലെയാണ് സംഘപരിവാർ. ഇരകളെ കിട്ടാതെ തൽക്കാലം മടങ്ങിയിട്ടുണ്ടെങ്കിലും അവർ തക്കംപാർത്തിരിക്കുകയാണ്. എവിടെയാണ് നേതൃത്വരാഹിത്യം, എവിടെയാണ് കൂട്ടം തെറ്റിയ ആട്ടിൻപറ്റങ്ങൾ എന്നീ കാര്യങ്ങൾ അവർ നോക്കിക്കൊണ്ടിരിക്കുകയാണ്. അസമിൽ അവർ ഇതേ തന്ത്രമാണ് പയറ്റിയത്. അത് നമ്മുടെ കേരളത്തിൽ ഉണ്ടായിക്കൂടാ. മതസൗഹാർദത്തിനും ശാന്തിക്കും സമാധാനത്തിനും പേരുകേട്ട നമ്മുടെ സംസ്ഥാനത്ത് വർഗീയ ധ്രുവീകരണം ഉണ്ടായിക്കൂടാ. പനമ്പിള്ളി ഗോവിന്ദമേനോനും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ഇഎം ശങ്കരൻ നമ്പൂതിരിപ്പാടും, പട്ടംതാണുപിള്ളയും ബാഫഖി തങ്ങളും സി.എച്ച് മുഹമ്മദ്കോയയും കെ. കരുണാകരനും ഇ.കെ നായനാരും നയിച്ച കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക തനിമ നിലനിർത്തുവാൻ മുഴുവൻ മതനിരപേക്ഷ കക്ഷികൾക്കും ബാധ്യതയുണ്ട്.




**നിർഭയജീവിതം, സുരക്ഷിത സമൂഹം**

# അധികാരം, സമ്പത്ത്, നിർഭയത്വം

**ലേഖനം**

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

അതിസമ്പന്നനായ ക്വാറൂനിന് അവന്റെ സമ്പത്ത് യാതൊരു സുരക്ഷിതത്വവും നൽകിയില്ലെന്നും ഉപകാരപ്പെട്ടില്ലെന്നും കഴിഞ്ഞലക്കത്തിൽ നാം മനസ്സിലാക്കി.

അധികാരത്തിന്റെ ബലത്തിൽ അതിക്രമം കാണിച്ച ഫിർഔനിന്റെ ചരിത്രവും ക്വുർആൻ വിവരിക്കുന്നുണ്ട്.

“ഫിർഔൻ തന്റെ ജനങ്ങൾക്കിടയിൽ ഒരു വിളംബരം നടത്തി. അവൻ പറഞ്ഞു: എന്റെ ജനങ്ങളേ, ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ? ഈ നദികൾ ഒഴുകുന്നതാകട്ടെ എന്റെ കീഴിലൂടെയാണ്. എന്നിരിക്കെ നിങ്ങൾ (കാര്യങ്ങൾ) കണ്ടറിയുന്നില്ലേ?” (ക്വുർആൻ 43:51).

അവൻ ജനങ്ങളെ തന്റെ വരുതിയിലാക്കി:

"അങ്ങനെ ഫിർഔൻ തന്റെ ജനങ്ങളെ വിഡ്ഢികളാക്കി. അവർ അവനെ അനുസരിച്ചു. തീർച്ചയായും അവർ അധർമകാരികളായ ഒരു ജനതയായിരുന്നു" (ക്വുർആൻ 43:54).

ഒടുവിൽ അല്ലാഹുവിന്റെ ശിക്ഷ ഫിർഔനെയും അവന്റെ കൂടെയുള്ളവരെയും പിടികൂടി:

"അപ്പോൾ നാം അവരുടെ കാര്യത്തിൽ ശിക്ഷാനടപടി എടുത്തു. അങ്ങനെ അവരെ നാം കടലിൽ മുക്കിക്കളഞ്ഞു. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുകളയുകയും അവയെപ്പറ്റി അശ്രദ്ധരായിരിക്കുകയും ചെയ്തതിന്റെ ഫലമത്രെ അത്" (ക്വുർആൻ 7:136).

ഇതാണ് അല്ലാഹുവിന്റെ നടപടിക്രമം. സമ്പത്തിന്റെയും അധികാരത്തിന്റെയും മറ്റു ഭൗതികമായ നേട്ടങ്ങളുടെയും പേരിൽ അഹങ്കരിക്കുകയും അതിക്രമം കാട്ടുകയും സ്വയം പര്യാപ്തത നടിക്കുകയും ചെയ്തവരെ അല്ലാഹു വെറുതെ വിട്ടിട്ടില്ല.

"കാര്യം നിങ്ങളുടെ വ്യാമോഹങ്ങളനുസരിച്ചല്ല. വേദക്കാരുടെ വ്യാമോഹങ്ങളനുസരിച്ചുമല്ല. ആര് തിന്മ പ്രവർത്തിച്ചാലും അതിന്നുള്ള പ്രതിഫലം അവന്ന് നൽകപ്പെടും. അല്ലാഹുവിന് പുറമെ തനിക്ക് ഒരു മിത്രത്തെയും സഹായിയെയും അവൻ കണ്ടെത്തുകയുമില്ല" (ക്വുർആൻ 4:123).

### പ്രമാണിമാരുടെ പതനം

സാമ്പത്തികാടിമത്തവും ആർഭാടജീവിതവും മുൻഗാമികളെ, നാടുകളെ, നാഗരികതകളെ നശിപ്പിക്കാൻ കാരണമായിട്ടുണ്ട്. സുഖലോലുപന്മാരായ പ്രമാണിമാർ പ്രവാചകന്മാരെ എതിർക്കുന്നതിൽ ഏതു കാലത്തും ഏതു നാട്ടിലും മുന്നിൽതന്നെയായിരുന്നു:

"ഏതെങ്കിലും ഒരു രാജ്യം നാം നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപൻമാർക്ക് നാം ആജ്ഞകൾ നൽകും. എന്നാൽ (അത് വകവെക്കാതെ) അവർ അവിടെ താന്തോന്നിത്തം നടത്തും. (ശിക്ഷയെപ്പറ്റിയുള്ള) വാക്ക് അങ്ങനെ അതിന്റെ (രാജ്യത്തിന്റെ) കാര്യത്തിൽ സ്ഥിരപ്പെടുകയും നാം അതിനെ നിശ്ശേഷം തകർക്കുകയും ചെയ്യുന്നതാണ്" (ക്വുർആൻ 17:16).

"ഏതൊരു നാട്ടിൽ നാം താക്കീതുകാരനെ അയച്ചപ്പോഴും, നിങ്ങൾ എന്തൊന്നുമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിക്കുന്നവരാകുന്നു എന്ന് അവിടത്തെ സുഖലോലുപർ പറയാതിരുന്നിട്ടില്ല. അവർ പറഞ്ഞു: ഞങ്ങൾ കൂടുതൽ സ്വത്തുക്കളും സന്താനങ്ങളുമുള്ളവരാകുന്നു. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല" (ക്വുർആൻ 34:34, 35).

നൂഹ് നബിﷺക്ക് ശേഷം വന്ന ഒരു പ്രവാചകന്റെ സമൂഹത്തിലെ പ്രമാണിമാരെക്കുറിച്ച് അല്ലാഹു പറയുന്നു: "അദ്ദേഹത്തിന്റെ ജനതയിൽനിന്ന് അവിശ്വസിച്ചവരും പരലോകത്തെ കണ്ടുമുട്ടുന്നതിനെ നിഷേധിച്ചുകളഞ്ഞവരും ഐഹികജീവിതത്തിൽ നാം സുഖാഡംബരങ്ങൾ നൽകിയവരുമായ പ്രമാണിമാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങൾ തിന്നുന്നതരത്തിലുള്ളത് തന്നെയാണ് അവൻ തിന്നുന്നത്. നിങ്ങൾ കുടിക്കുന്ന തരത്തിലുള്ളത് തന്നെയാണ് അവനും കുടിക്കുന്നത്. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങളപ്പോൾ നഷ്ടക്കാർ തന്നെയാകുന്നു" (ക്വുർആൻ 23:33,34).

എല്ലാ പ്രവാചകന്മാരുടെ കാലത്തുമുണ്ടായിരുന്ന സുഖലോലുപന്മാർ പറഞ്ഞത് ഇപ്രകാരമായിരുന്നു:

"അതുപോലെത്തന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു എന്ന് അവിടെയുള്ള സു

> **"ഭക്ഷണവും വസ്ത്രവും പാർപ്പിടവും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ മതി ജീവിതത്തിലെ നിർഭയത്വം നഷ്ടപ്പെടാനും ജീവിതം അശാന്തമായിത്തീരാനും. എന്നാൽ ഇപ്പറഞ്ഞവയൊന്നും താനെ വന്നുചേരുന്നതല്ല. പാരമ്പര്യമായി ലഭിച്ച കണക്കില്ലാത്ത സ്വത്തിന്റെ ഉടമകൾ പോലും അത് നിലനിർത്താനും പരിപോഷിപ്പിക്കാനും ശ്രമിച്ചില്ലെങ്കിൽ കാലക്രമേണ പാപ്പരായിപ്പോകും. അതുകൊണ്ട് തന്നെ അലസത മാറ്റിവെക്കാനും അധ്വാനിച്ച് ജീവിക്കുവാനും ഇസ്‌ലാം കൽപിക്കുന്നുണ്ട്."**

ഖലോലുപൻമാർ പറയാതിരുന്നിട്ടില്ല" (ക്വുർആൻ 43:23).

"ഭൂമിയിൽ നാശമുണ്ടാക്കുന്നതിൽ നിന്ന് (ജനങ്ങളെ) തടയുന്ന, (നന്മയുടെ) പാരമ്പര്യമുള്ള ഒരുവിഭാഗം നിങ്ങൾക്കുമുമ്പുള്ള തലമുറകളിൽനിന്ന് എന്തുകൊണ്ട് ഉണ്ടായില്ല? അവരിൽനിന്ന് നാം രക്ഷപ്പെടുത്തി എടുത്ത കൂട്ടത്തിൽപെട്ട ചുരുക്കം ചിലരൊഴികെ. എന്നാൽ അക്രമകാരികൾ തങ്ങൾക്ക് നൽകപ്പെട്ട സുഖാഡംബരങ്ങളുടെ പിന്നാലെ പോകുകയാണ് ചെയ്തത്. അവർ കുറ്റവാളികളായിരിക്കുന്നു" (ക്വുർആൻ 11:116).

ഇസ്മാഈൽ നബിﷺയുടെ സന്തതി പരമ്പരയിൽ പെട്ടവരാണ്അറബികൾ. അവർക്കിടയിലാണ് മുഹമ്മദ് നബിﷺ നിയോഗിക്കപ്പെട്ടത്. അദ്ദേഹത്തെ നബിയായി അംഗീകരിക്കുന്നതിനു പകരം അവർ പറഞ്ഞത് ഇപ്രകാരമാണ്:

"ഈ രണ്ട് പട്ടണങ്ങളിൽനിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ഖുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറഞ്ഞു" (ക്വുർആൻ 43:31).

മക്ക, ത്വാഇഫ് എന്നിവയെ ഉദ്ദേശിച്ചാണ് അവർ രണ്ടു രാജ്യങ്ങൾ എന്നു പറഞ്ഞത്. ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണ് ത്വാഇഫ്. കാർഷിക വിളകളാൽ സമ്പന്നം. കൃഷിയില്ലാത്ത മക്കയിലേക്ക് കാർഷികോൽപന്നങ്ങൾ ലഭിച്ചിരുന്നത് ത്വാഇഫിൽനിന്നായിരുന്നു. ക്വുർആൻ മഹത്തായ ഒരു ഗ്രന്ഥമാണെങ്കിൽ ഈ രണ്ടു പ്രദേശങ്ങളിലെ അറിയപ്പെടുന്ന ഒരു മഹാന്റെ മേലായിരുന്നു അത് അവതരിക്കേണ്ടിയിരുന്നത്. അനാഥനായി വളർന്ന, സാധുവായ ഒരു വ്യക്തിക്ക് ഇത് അവതരിപ്പിച്ചുകൊടുത്തത് എന്തുകൊണ്ടാണ് എന്നാണ് അവർ ചോദിച്ചത്! ഇതിനു മറുപടിയായി അല്ലാഹു പറഞ്ഞു:

"അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചു കൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്കുവെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പലപടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചുവെക്കുന്നതിനെക്കാൾ ഉത്തമം" (ക്വുർആൻ 43:32).

ബനൂഇസ്റാഈല്യരിലേക്ക് ത്വാലൂതിനെ രാജാവായി അല്ലാഹു നിയോഗിച്ചപ്പോൾ അവർ പറഞ്ഞതും സാമ്പത്തികശേഷിയില്ലാത്തയാളെയാണോ രാജാവാക്കുന്നത് എന്നായിരുന്നു.

"അവരോട് അവരുടെ പ്രവാചകൻ പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് ത്വാലൂതിനെ രാജാവായി നിയോഗിച്ചുതന്നിരിക്കുന്നു. അവർ പറഞ്ഞു: അയാൾക്കെങ്ങനെ ഞങ്ങളുടെ രാജാവാകാൻ പറ്റും? രാജാധികാരത്തിന് അയാളെക്കാൾ കൂടുതൽ അർഹതയുള്ളത് ഞങ്ങൾക്കാണല്ലോ. അയാൾ സാമ്പത്തിക സമൃദ്ധി ലഭിച്ച ആളുമല്ലല്ലോ. അദ്ദേഹം (പ്രവാചകൻ) പറഞ്ഞു: അല്ലാഹു അദ്ദേഹത്തെ നിങ്ങളെക്കാൾ ഉൽകൃഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. കൂടുതൽ വിപുലമായ ജ്ഞാനവും ശരീരശക്തിയും നൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹു അവന്റെ വകയായുള്ള ആധിപത്യം അവൻ ഉദ്ദേശിക്കുന്നവർക്ക് കൊടുക്കുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും എല്ലാം അറിയുന്നവനുമാകുന്നു" (ക്വുർആൻ 2:247).

ഇഹലോകത്ത് അല്ലാഹു അക്രമകളെ ശിക്ഷിക്കുവാൻ ഉദ്ദേശിച്ചാൽ അതിൽനിന്ന് രക്ഷപ്പെടാൻ അവർക്ക് സാധ്യമല്ല. നിർഭയത്വം അവർക്ക് അന്യമായിരിക്കും.

"അക്രമത്തിൽ ഏർപ്പെട്ടിരുന്ന എത്ര നാടുകളെ നാം നിശ്ശേഷം തകർത്തുകളയുകയും അതിന് ശേഷം നാം മറ്റൊരു ജനവിഭാഗത്തെ വളർത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്! അങ്ങനെ നമ്മുടെ ശിക്ഷ അവർക്ക് അനുഭവപ്പെട്ടപ്പോൾ അവരതാ അവിടെനിന്ന് ഓടിരക്ഷപ്പെടാൻ നോക്കുന്നു. (അപ്പോൾ അവരോട് പറയപ്പെട്ടു:) നിങ്ങൾ ഓടിപ്പോകേണ്ട. നിങ്ങൾക്ക് നൽകപ്പെട്ട സുഖാഡംബരങ്ങളിലേക്കും നിങ്ങളുടെ വസതികളിലേക്കും നിങ്ങൾ തിരിച്ചുപോയിക്കൊള്ളുക. നിങ്ങൾക്ക് വല്ല അപേക്ഷയും നൽകപ്പെടാനുണ്ടായേക്കാം. അവർ പറഞ്ഞു: അയ്യോ; ഞങ്ങൾക്ക് നാശം! തീർച്ചയായും ഞങ്ങൾ അക്രമികളായിപ്പോയി. അങ്ങനെ അവരെ നാം കൊയ്തിട്ട വിളപോലെ ചലനമറ്റ നിലയിലാക്കിത്തീർക്കുവോളം അവരുടെ മുറവിളി അതു തന്നെയായിക്കൊണ്ടിരുന്നു'' (ക്വുർആൻ 21:11-15).

ഇഹലോകത്ത് സുഖലോലുപന്മാരും താന്തോന്നികളുമായി ജീവിച്ചവർക്ക് ഇരുലോകത്തും സുരക്ഷിതത്വവും സമാധാനവും ഉണ്ടായിരിക്കുകയില്ല:

"ഇടതുപക്ഷക്കാർ, എന്താണീ ഇടതുപക്ഷക്കാരുടെ അവസ്ഥ! തുളച്ചുകയറുന്ന ഉഷ്ണക്കാറ്റ്, ചുട്ടുതിളക്കുന്ന വെള്ളം, കരിമ്പുകയുടെ തണൽ. തണുപ്പുള്ളതോ സുഖദായകമോ അല്ലാത്ത (എന്നീ

ദുരിതങ്ങളിലായിരിക്കും അവർ). എന്തുകൊണ്ടെന്നാൽ തീർച്ചയായും അവർ അതിനുമുമ്പ് സുഖലോലുപൻമാരായിരുന്നു" (ക്വുർആൻ 56:41-45).

ഇഹലോകത്ത് നിർഭയജീവിതം സാധ്യമല്ലാത്ത വിധം ഞെരുക്കപ്പെടുന്നവർ ആരെന്ന് അല്ലാഹു അറിയിച്ചുതരുന്നുണ്ട്: "എന്നാൽ ആർ പിശുക്കുകാണിക്കുകയും സ്വയംപര്യാപ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചുതള്ളുകയും ചെയ്തുവോ, അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കി കൊടുക്കുന്നതാണ്. അവൻ നാശത്തിൽ പതിക്കുമ്പോൾ അവന്റെ ധനം അവന്ന് പ്രയോജനപ്പെടുന്നതല്ല"(ക്വുർആൻ 92:8-11).

കാർഷികവിളകളാലും മറ്റുവഴികളിലും സമ്പന്നത നേടിയ ഒരാൾ ആ ധനത്തിൽ വഞ്ചിതനാവുകയും സ്വയംപര്യാപ്തത നടിക്കുകയും ചെയ്തതിന്റെ കഥ ക്വുർആൻ വിവരിക്കുന്നുണ്ട്:

"അവന്നു പല വരുമാനവുമുണ്ടായിരുന്നു. അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും. സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ചുകൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ച് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽ വരും എന്നും ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും മടങ്ങിച്ചെല്ലുന്നതിന് ഇതിനേക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുകതന്നെ ചെയ്യും" (ക്വുർആൻ 18:34-36).

## അധികാരവും സമ്പത്തും പരലോകത്ത് ഉപകാരപ്പെടുകയില്ല

"എന്നാൽ ഇടതുകയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവനാകട്ടെ ഇപ്രകാരം പറയുന്നതാണ്. ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ, എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ (എത്ര നന്നായിരുന്നു). അത് (മരണം) എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ (എത്ര നന്നായിരുന്നു!). എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല. എന്റെ അധികാരം എന്നിൽനിന്ന് നഷ്ടപ്പെട്ടുപോയി"(ക്വുർആൻ 69:25-29).

അബൂലഹബിനെക്കുറിച്ച് അല്ലാഹു പറയുന്നു: "അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവനു ഉപകാരപ്പെട്ടില്ല. തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്" (ക്വുർആൻ 111:1-3).

ധനത്തെ അമിതമായി പ്രേമിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു: "കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം. അതായത് ധനം ശേഖരിക്കുകയും അത് എണ്ണിനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്. അവന്റെ ധനം അവന് ശാശ്വത ജീവിതം നൽകിയിരിക്കുന്നു എന്ന് അവൻ വിചാരിക്കുന്നു. നിസ്സംശയം, അവൻ ഹുത്വമയിൽ എറിയപ്പെടുക തന്നെ ചെയ്യും" (ക്വുർആൻ 104:1-4).

അല്ലാഹു നൽകിയ ധനം അവന്റെ മാർഗത്തിൽ ചെലവഴിക്കാതെ നിക്ഷേപമാക്കി സൂക്ഷിക്കുന്നവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്നത് കഠിനമായ ശിക്ഷയാണ്. അല്ലാഹു പറയുന്നു: "...സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽവെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ട് അതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം. (അവരോട് പറയപ്പെടും:) നിങ്ങൾ നിങ്ങൾക്കുവേണ്ടിത്തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചുവെച്ചിരുന്നത് നിങ്ങൾ ആസ്വ



ദിച്ചുകൊള്ളുക" (ക്വുർആൻ 9:34,35).

പ്രവാചകന്റെ മക്കയിൽനിന്നും മദീനയിലേക്കുള്ള പലായനത്തിന്റെ ഉടനെത്തന്നെ സമൂഹസുരക്ഷയുടെയും ഉപജീവനമാർഗത്തിന്റെയും വ്യവസ്ഥകൾക്ക് തുടക്കം കുറിച്ചു. അതിനായി ആദ്യം ചെയ്തത് മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ സാഹോദര്യം സ്ഥാപിക്കലായിരുന്നു. സ്വന്തം നാടും വീടും ധനവും ഉറ്റവരെയുമെല്ലാം വിശ്വാസ സംരക്ഷണത്തിനായി വിട്ടേച്ചുപോന്നവരാണ് മുഹാജിറുകൾ. അവരെ അൻസ്വാരികൾ സമ്പത്തിലടക്കം എല്ലാറ്റിലും പങ്കാളികളാക്കി. സ്വന്തം സഹോദരങ്ങളായി ചേർത്തുപിടിച്ചു. മദീനയിലെ വിവിധ ഗോത്രങ്ങളുമായി കരാറുണ്ടാക്കി. അങ്ങനെ നിർഭയ ജീവിതത്തിനും സുരക്ഷിത സമൂഹത്തിനുമുള്ള പാത വെട്ടിത്തെളിച്ചു.

"വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്തവരും അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് യഥാർഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും" (ക്വുർആൻ 8:74).



### അധ്വാനവും ഭക്ഷ്യ സുരക്ഷയും

മലയിൽപോയി വിറകുശേഖരിച്ചു വിറ്റ് ഉപജീവനമാർഗം കണ്ടെത്തുന്നത് ജനങ്ങളോട് യാചിച്ചു ജീവിക്കുന്നതിനെക്കാൾ ഉത്തമമെന്ന് പ്രവാചകൻﷺ പഠിപ്പിച്ചു

ഒരു സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് നാട്ടിൽ കൃഷിയുണ്ടാകണം. വിവിധങ്ങളായ ഭക്ഷ്യവസ്തുക്കൾ കൃഷിചെയ്തുണ്ടാക്കുവാൻ കർഷകർ തയ്യാറാകാണം. അതുകൊണ്ടുതന്നെ സ്വന്തമായി ഭൂമിയുള്ളവർ കൃഷിചെയ്യണമെന്നും അതിന് കഴിയുന്നില്ലെങ്കിൽ മറ്റു സഹോദരങ്ങൾക്ക് കൃഷിചെയ്യാനായി ഭൂമി വിട്ടുകൊടുക്കണമെന്നും നബിﷺ കൽപിച്ചിട്ടുണ്ട്.

"ആർക്കെങ്കിലും സ്വന്തമായി ഭൂമിയുണ്ടെങ്കിൽ അവൻ അതിൽ കൃഷി ചയ്യട്ടെ. കൃഷിചെയ്യാൻ കഴിയുന്നില്ലെങ്കിൽ, അവൻ അതിന് അശക്തനാണെങ്കിൽ അവൻ തന്റെ മുസ്‌ലിമായ സഹോദരന് അത് കൃഷിചെയ്യാൻ നൽകട്ടെ. അതിന് അവൻ പ്രതിഫലം വാങ്ങുകയുമരുത്" (ബുഖാരി, മുസ്‌ലിം).

വാസ്തവത്തിൽ ഇതൊരു വിപ്ലവാത്മകമായ പ്രഖ്യാപനമാണ്. അന്നും ഇന്നും എന്നും ലോകത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് നിദാനമായ, കാർഷിക വിപ്ലവത്തിന്റെ പ്രഖ്യാപനം. വർത്തമാനകാലത്ത് നമ്മുടെ രാജ്യത്ത് ഇത് നടപ്പിലാക്കുകയാണെങ്കിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് ഒന്ന് ചിന്തിച്ചുനോക്കുക.

കൃഷി മാത്രമല്ല ജീവിതമാർഗം. അധ്വാനത്തിന്റെ മാർഗങ്ങൾ വിഭിന്നമാണ്. ഇസ്‌ലാം വിരോധിക്കാത്ത ഏത് അധ്വാനവും ജീവിതമാർഗമായി തിരഞ്ഞെടുക്കാം. പട്ടിണിയും തൊഴിലില്ലായ്മയും പെരുകുമ്പോൾ സമൂഹത്തിന്റെ സുരക്ഷിതത്വമാണ് നഷ്ടപ്പെടുക. കാരണം അത് അക്രമത്തിലേക്കും അധാർമികതയിലേക്കും നയിക്കും. അതുവഴി സംജാതമാവുക മനുഷ്യന്റെ ജീവിതത്തിലെ നിർഭയത്വം നഷ്ടപ്പെടുന്ന അവസ്ഥയാണ്.

മിഖ്ദാദിؓൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ച് ആഹരിക്കുന്നതിനെക്കാൾ ഉത്തമമായ ഭക്ഷണം ആരും കഴിക്കുന്നില്ല. അല്ലാഹുവിന്റെ പ്രവാചകൻ ദാവൂദ്ؑ സ്വന്തം അധ്വാനത്തിലൂടെയാണ് ആഹരിച്ചിരുന്നത്." (ബുഖാരി).

ഇസ്‌ലാം നിഷിദ്ധമാക്കാത്ത മാർഗത്തിൽ ഒരാൾ ധനാർജനത്തിന് ശ്രമിക്കുമ്പോൾ ആ ശ്രമമാണ് ഇസ്‌ലാം അംഗീകരിക്കുന്ന അധ്വാനം. പാട

ത്തും പറമ്പിലും പണിയെടുക്കലും കച്ചവടവും അധ്യാപനവും മറ്റു ഓഫീസ് ജോലികളുമെല്ലാം അതിൽപെടും.

അധ്വാനത്തിന്റെ മഹത്ത്വവും അധ്വാനിക്കുന്നവന്റെ ശ്രേഷ്ഠതയും ലോകത്തിന് മുന്നിൽ പ്രഖ്യാപിച്ച മഹാനാണ് മുഹമ്മദ് നബിﷺ. അതിനൊരു ഉദാഹരണമാണ് മുകളിൽ കൊടുത്ത നബി വചനം. ഇന്ന ജോലിയേ ചെയ്യാവൂ എന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്നില്ല. അനുവദനീയമായ ഏത് തൊഴിലും മഹത്തരമാണ്. ആഡംബരപൂർണമായ സുഖജീവിതത്തിനുവേണ്ടിയാണ് ലോകത്ത് നടക്കുന്ന മിക്ക മോഷണങ്ങളും കൊള്ളകളും. കൈക്കൂലി, പലിശ, അഴിമതി, മായംചേർക്കൽ, കരിഞ്ചന്ത തുടങ്ങിയ പല അധാർമിക വഴികളിലൂടെയും സമ്പാദിച്ച് സുഖിച്ച് ജീവിക്കുന്നവർ എമ്പാടുമുണ്ട്. അത്തരത്തിൽ ദുഷിച്ച മാർഗങ്ങളിലൂടെ സമ്പാദിക്കുന്നവർക്ക് മുന്നറിയിപ്പു നൽകിക്കൊണ്ട് നബിﷺ പറഞ്ഞു: "അന്ത്യദിനത്തിൽ ഏറ്റവുമധികം ഖേദിക്കുന്നവൻ അനുവദനീയമല്ലാത്ത മാർഗത്തിലൂടെ ധനം സമ്പാദിച്ച് നരകത്തിൽ പ്രവേശിക്കുന്നവനായിരിക്കും" (ബുഖാരി).

മറ്റൊരിക്കൽ നബി ﷺ പറഞ്ഞു: "തൊഴിലാളിയായ തന്റെ ദാസനെ അല്ലാഹു ഇഷ്ടപ്പെടുന്നു. തന്റെകുടുംബത്തിനുവേണ്ടി കഷ്ടപ്പെടുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ 'ജിഹാദ്' ചെയ്യുന്നവനപ്പോലെയാണ്" (അഹ്‌മദ്).

ജീവിതായോധനത്തിനുവേണ്ടിയുള്ള അധ്വാനത്തിൻെറ മഹത്ത്വമുത്ഘോഷിക്കുന്ന നബിവചനങ്ങൾ ധാരാളമുണ്ട്. യാചനയിലൂടെ ജീവിതായോധനം നടത്തുന്നതിനെ നബിﷺ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. 'ഒരാൾ തൻെറ മുതുകിൽ വിറകുകെട്ട് ചുമന്നുകൊണ്ടുവരുന്നതാണ് മറ്റാരോടെങ്കിലും യാചിക്കുന്നതിനെക്കാൾ നല്ലത്' എന്ന് നബിﷺ തന്റെ അനുചരന്മാരോട് പറഞ്ഞതായി കാണാം.

അൻസ്വാരികളിൽപെട്ട ഒരാൾ നബിﷺയുടെ അടുത്ത് യാചിച്ചുവന്നു. അപ്പോൾ അവിടുന്ന് ചോദിച്ചു: താങ്കളുടെ വീട്ടിലൊന്നുമില്ലേ?'

'ഉണ്ട്. ഞങ്ങൾ ധരിക്കാനും വിരിക്കാനും ഉപയോഗിക്കുന്ന ഒരു പുതപ്പും വെള്ളം കുടിക്കാനുപയോഗിക്കുന്ന ഒരു പാത്രവുമുണ്ട്'. അയാൾ പറഞ്ഞു. 'എങ്കിൽ അവ രണ്ടുമായി എൻെറ അടുത്ത് വരിക'-തിരുമേനി ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം അവ രണ്ടുമായി വന്നു. അപ്പോൾ നബിﷺ അത് രണ്ടും കയ്യിൽ പിടിച്ച് ചോദിച്ചു: 'ഇത് രണ്ടും ആർ വാങ്ങും?'

'ഒരു ദിർഹമിന് അവ രണ്ടും ഞാനെടുത്തുകൊള്ളാം'- ഒരാൾ പറഞ്ഞു.

'ഒരു ദിർഹമിലധികം ആർ തരും?' - നബിﷺ രണ്ടോ മൂന്നോ തവണ ചോദിച്ചു.

'രണ്ട് ദിർഹമിന് ഞാൻ വാങ്ങിച്ചുകൊള്ളാം'- മറ്റൊരാൾ പറഞ്ഞു.

അതനുസരിച്ച് അത് രണ്ടും അയാൾക്ക് കൊടുക്കുകയും രണ്ട് ദിർഹം സ്വീകരിക്കുകയും ചെയ്തു. പിന്നീട് അത് പ്രസ്തുത അൻസ്വാരിക്ക് കൊടുത്തുകൊണ്ട് അവിടുന്ന് പറഞ്ഞു: 'ഇവയിലൊന്നുകൊണ്ട് ആഹാരം വാങ്ങി കുടുംബത്തിന് കൊടുക്കുക. മറ്റേതുപയോഗിച്ച് ഒരു കോടാലി വാങ്ങി എന്റെ അടുത്ത് വരിക'. അതനുസരിച്ച് അയാൾ പ്രവർത്തിക്കുകയും ചെയ്തു. അങ്ങനെ നബിﷺ കോടാലി ഒരു പിടിയിലുറപ്പിച്ചുകൊണ്ട് അദ്ദേഹത്തോട് ഇപ്രകാരം ആവശ്യപ്പെട്ടു: 'താങ്കൾ പോയി വിറക് വെട്ടുക. പതിനഞ്ച് ദിവസത്തേക്ക് ഞാനിനി താങ്കളെ കാണാനിടവരരുത്'.

നബി ﷺയുടെ നിർദേശമനുസരിച്ച് അയാൾ വിറക് വെട്ടി വിൽക്കാൻ തുടങ്ങി. അതിലൂടെ അദ്ദേഹത്തിന് പത്ത് ദിർഹം ലഭിക്കുകയും ചെയ്തു. അതുമായി നബിﷺയുടെ അടുത്ത് വന്നു. അപ്പോൾ തിരുമേനി പറഞ്ഞു: 'അതിൽ അൽപമുപയോഗിച്ച് ആഹാരവും ബാക്കികൊണ്ട് വസ്ത്രവും വാങ്ങുക' (ഇബ്‌നുമാജ). **(അവസാനിച്ചില്ല)**



സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം




# ഫിത്വ്ർ സകാത്ത്: നോമ്പിലെ വീഴ്ചകൾക്ക് പരിഹാരം

റമദാൻ മാസത്തിൽ നോമ്പനുഷ്ഠിക്കുവാൻ അവസരം ലഭിച്ചതിലുള്ള സന്തോഷത്താലും അതിന് അല്ലാഹുവിന് നന്ദി ചെയ്യുക എന്ന ഉദ്ദേശത്താലും അതിൽ വന്നുപോയിട്ടുള്ള വീഴ്ചകൾക്ക് പരിഹാരമെന്ന നിലയ്ക്കും അല്ലാഹുവിന്റെ തൃപ്തി മാത്രം പ്രതീക്ഷിച്ച് കൊണ്ട് നിർവഹിക്കേണ്ട ഒരു ആരാധനയാണ് ഫിത്വ്ർ സകാത്ത് നൽകൽ. പെരുന്നാൾ ദിനം മുസ്‌ലിംകളിൽ പെട്ട ഒരാളും പട്ടിണി കിടക്കാതിരിക്കുവാനും അന്യരുടെ മുന്നിൽ പോയി കൈനീട്ടുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാനുമാണ് സകാതുൽ ഫിത്വ്ർ നിർബന്ധമാക്കിയിട്ടുള്ളത്. ഹിജ്‌റ രണ്ടാം വർഷം റമദാനിലാണ് ഇത് നിർബന്ധമാക്കപ്പെട്ടത്. ഇമാം ബുഖാരിയും, ഇമാം മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ "പ്രവാചകൻ സകാതുൽ ഫിത്വ്ർ നിർബന്ധമാക്കിയിരിക്കുന്നു" എന്ന് പറയുന്നത് കാണാം.

## എല്ലാവർക്കും നിർബന്ധം

സ്ത്രീകളും പുരുഷന്മാരും ചെറിയവരും വലിയവരും അടക്കം എല്ലാ മുസ്‌ലിംകളും സകാതുൽ ഫിത്വ്ർ നൽകൽ നിർബന്ധമാണ്. പെരുന്നാൾ ദിവസം തനിക്കും താൻ ചെലവിന് കൊടുക്കുന്നവർക്കുമുള്ള ഭക്ഷണത്തിനുള്ളത് കഴിച്ച് ബാക്കിയുണ്ടെങ്കിലാണ് സകാതുൽ ഫിത്വ്ർ നൽകേണ്ടത്.

"പ്രവാചകൻ ധാന്യത്തിൽനിന്നോ, ഗോതമ്പിൽനിന്നോ ഒരു 'സ്വാഅ്' മുസ്‌ലിംകളിൽപെട്ട വലിയവർ, ചെറിയവർ, സ്ത്രീകൾ, പുരുഷന്മാർ, അടിമകൾ, സ്വതന്ത്രർ എന്നിവർക്ക് സകാത്തുൽ ഫിത്വ്ർ നിർബന്ധമാക്കിയിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

ഓരോ മുസ്‌ലിമും തന്റെയും താൻ ചെലവിന് കൊടുക്കുന്ന ഭാര്യാസന്താനങ്ങൾ, അടുത്ത ബന്ധുക്കൾ എന്നിവർക്ക് വേണ്ടിയും ഫിത്വ്ർ സകാത്ത് കൊടുക്കേണ്ടതാണ്. പാവപ്പെട്ടവർ വീടുവിടാന്തരം കയറിയിറങ്ങി യാചിച്ച് നടക്കുന്ന സാഹചര്യം ഒഴിവാക്കുവാനായി പാവപ്പെട്ടവരുടെ വീടുകളിലേക്ക് ഇത് എത്തിച്ച് കൊടുക്കുകയാണ് വേണ്ടത്. താൻ താമസിക്കുന്ന സ്ഥലത്ത് ഫിത്വ്ർ സകാത്ത് ശേഖരിക്കുവാനും വിതരണം ചെയ്യുവാനും സംവിധാനമുണ്ടെങ്കിൽ അതിൽ പങ്കാളികളാവുകയാണ് അഭികാമ്യം.

### നിർബന്ധമാവുന്ന സമയം

ശവ്വാൽ ഒന്ന് പ്രഖ്യാപിച്ച് കഴിഞ്ഞാൽ നേരത്തെ സൂചിപ്പിച്ചവർക്ക് സകാത്തുൽ ഫിത്വ്ർ നിർബന്ധമായി. എന്നാൽ ഏറ്റവും ശ്രേഷ്ഠമായ സമയം പെരുന്നാൾ ദിനത്തിൽ പെരുന്നാൾ നമസ്കാരത്തിന് മുമ്പാകുന്നു. അത്പോലെ പെരുന്നാളിന്റെ ഒരു ദിവസമോ, രണ്ടുദിവസമോ മുമ്പും കൊടുത്ത് വീട്ടൽ അനുവദനീയമാണ്. എന്നാൽ നമസ്കാരത്തിന് ശേഷം പിന്തിപ്പിക്കൽ അനുവദനീയമല്ല. ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീഥിൽ ഇങ്ങനെ കാണാം:

"...ജനങ്ങൾ നമസ്കാരത്തിന് പോകുന്നതിന് മുമ്പ് അത് (ഫിത്വ്ർ സകാത്ത്) കൊടുത്തു വീട്ടുവാൻ (പ്രവാചകൻﷺ ഞങ്ങളോട് കൽപിക്കുകയും ചെയ്തിരുന്നു" (ബുഖാരി).

പെരുന്നാൾ നമസ്കാരത്തിന് ശേഷം കൊടുത്താൽ അത് ഫിത്വ്ർ സകാത്ത് ആവുകയില്ല, മറിച്ച് അത് ഒരു ദാനധർമം മാത്രമെ ആവുകയുള്ളൂ. പ്രവാചകൻﷺപറയുന്നു:

"...ആരെങ്കിലുമത് (സകാത്തുൽ ഫിത്വ്ർ) നമസ്കാരത്തിന് മുമ്പ് വിതരണം നടത്തിയാൽ അത് സകാത്തുൽ ഫിത്വ്ർ ആകുന്നു, ആരെങ്കിലും അത് നമസ്കാരത്തിന് ശേഷമാണ് കൊടുത്തു വീട്ടുന്നതെങ്കിൽ അത് ദാനങ്ങളിൽ പെടുന്ന ഒരു ദാനം മാത്രമാണ് (അത് ഫിത്വ്ർ സകാത്ത് ആവുകയില്ല)" (അബൂദാവൂദ്).

### എന്ത്, എത്ര കൊടുക്കണം?

ഒരു 'സ്വാഅ്' ഗോതമ്പ്, മുന്തിരി, പാൽകട്ടി, കാരക്ക എന്നിവയാണ് (അതാത് നാട്ടിലെ പ്രധാന ഭക്ഷ്യ വസ്തുക്കൾ) കൊടുക്കേണ്ടത്. അത്പോലെ മനുഷ്യൻ ഭക്ഷിക്കുന്ന ഏത് ഭക്ഷ്യ പദാർഥങ്ങളും ഉപയോഗിക്കാവുന്നതാണ്. കാരണം അബൂസഈദുൽ ഖുദ്‌രി رضي الله عنه പറയുന്നു:

"ഞങ്ങൾ പ്രവാചകﷺന്റെ കാലത്ത് പെരുന്നാൾ ദിനത്തിൽ ഞങ്ങളുടെ ഭക്ഷണത്തിൽനിന്ന് ഒരു 'സ്വാഅ്'ഫിത്വ്ർ സകാത്തായി നൽകാറുണ്ടായിരുന്നു. ഞങ്ങളുടെ ഭക്ഷണം ഗോതമ്പോ, മുന്തിരിയോ, പാൽകട്ടിയോ, കാരക്കയോ ആയിരുന്നു" (ബുഖാരി).

ആധുനിക കാലത്തെ കിലോയും സ്വാഉം തമ്മിൽ ഭക്ഷണ പദാർഥങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടേക്കാം. എന്നാൽ ഒരു മധ്യനിലവാരത്തിലുള്ള ധാന്യമാണെങ്കിൽ ഒരു സ്വാഅ് ഏകദേശം 2.40 കിലോ ഗ്രാം വരും.

### ആർക്കാണ് നൽകേണ്ടത്?

മുസ്‌ലിംകളിലെ സാധുക്കൾക്കാണ് ഫിത്വ്ർ സകാത്ത് നൽകേണ്ടത്.

ഇബ്നുഅബ്ബാസ് رضي الله عنه പറയുന്നു: "നോമ്പുകാരനിൽ വന്നിരിക്കുന്ന ചെറിയ വീഴ്ചകളെയും ചെറിയ പാപങ്ങളെയും ശുദ്ധീകരിക്കുവാനും സാധുക്കൾക്ക് ഭക്ഷണമായും പ്രവാചകൻﷺ ഫിത്വ്ർ സകാത്ത് നിർബന്ധമാക്കി" (അബൂദാവൂദ്).



ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതും മഹാന്മാരായ പണ്ഡിതന്മാർ മനസ്സിലാക്കിയതും ഫിത്വ്ർ സകാത്ത് സാധുക്കൾക്കും ദരിദ്രർക്കുമാണ് നൽകേണ്ടത് എന്നാണ്. ആവശ്യമാണെങ്കിൽ ഒരു സാധുവിനുതന്നെ ഒരു വീട്ടിലുള്ളവരുടെ ഫിത്വ്ർ സകാത്ത് മുഴുവനും നൽകാവുന്നതാണ്.

### ധാന്യത്തിന് പകരം പണം കൊടുക്കാമോ?

ഫിത്വ്ർ സകാത്തായി ഭക്ഷ്യവസ്തുവിനു പകരം പണം കൊടുക്കൽ സുന്നത്തിന് വിപരീതമാണ്. കാരണം പ്രവാചകനിﷺൽനിന്നോ, സ്വഹാബികളിൽനിന്നോ അങ്ങനെ ഉദ്ധരിക്കപ്പെട്ടിട്ടില്ല. മറിച്ച് ഹദീഥുകളിൽനിന്ന് വ്യക്തമാകുന്നത് ഭക്ഷ്യവസ്തുക്കൾ നൽകണമെന്നാണ്. അന്ന് നിലവിലുണ്ടായിരുന്ന ഭക്ഷ്യവസ്തുക്കളുടെ പേരുകൾ പ്രവാചകൻﷺ എടുത്ത് പറയുവാൻ അതാണ് കാരണം. അതിന്റെ വില നൽകിയാൽ ഫിത്വ്ർ സകാത്ത് ശരിയാവില്ല എന്നർഥം. എന്നാൽ ഏതെങ്കിലും മഹല്ലുകളോ, ഇസ്‌ലാമിക സംഘങ്ങളോ ആളുകളിൽനിന്ന് ഫിത്വ്ർ സകാത്തിന്റെ പണം സ്വരൂപിക്കുകയും എന്നിട്ട് അതിന് ഭക്ഷണ സാധനങ്ങൾ വാങ്ങി, ഫിത്വ്ർ സകാത്ത് ദാതാക്കൾ എവിടെയാണോ താമസിക്കുന്നത് അവിടെയുള്ള അർഹതപ്പെട്ടവർക്ക് അതിന്റെ സമയത്ത് തന്നെ വിതരണം ചെയ്യുകയാണെങ്കിൽ അത് ശരിയാണ്.

അബൂഫായിദ
mail@nerpatham.com

ലേഖനം



# കൊറോണക്കാലത്ത് വീണ്ടുമൊരു പെരുന്നാൾ

കോവിഡ് എന്ന പകർച്ചവ്യാധി രാജ്യത്തെ വരിഞ്ഞുമുറുക്കിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഒരു ഈദുൽ ഫിത്ര്‍കൂടി ആഗതമായിരിക്കുകയാണ്. കഴിഞ്ഞ വർഷം ഈദുൽഫിത്ര്‍ ആഘോഷം കോവിഡിന്റെ വരവിൽ നിറംമങ്ങിയതായിരുന്നുവെങ്കിൽ ഇത്തവണ വിട്ടൊഴിയാത്ത ഭീതിയുടെ നിഴലിലാണെന്നത് വിശ്വാസികളെ വേദനിപ്പിക്കുന്നതാണ്. എന്നാൽ ഈ അവസ്ഥയെക്കുറിച്ച് ചിന്തിച്ച് നിരാശപ്പെടുകയോ അമിതമായി ദുഃഖിക്കുകയോ ചെയ്യുവാൻ പാടില്ല. കാരണം ഒരു സത്യവിശ്വാസി ശുഭാപ്തിവിശ്വാസിയായിരിക്കണം. പ്രപഞ്ചനാഥന്റെ വിധി എന്താണോ അതേ ഇവിടെ സംഭവിക്കുകയുള്ളൂ. വിധിയിൽ വിശ്വസിക്കുന്ന ഒരു മുസ്‌ലിം ഒരു പരീക്ഷണത്തിനു മുന്നിലും പകച്ചുനിൽക്കുകയില്ല, നിരാശയുടെ പടുകുഴിയിൽ അവൻ ആണ്ടുപോവുകയില്ല.

ലോകത്ത് ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്ന ഓരോ മനുഷ്യനും അവനവന്റെ ജീവൻ അപകടത്തിൽപെടുമോ എന്ന ആശങ്കയിലാണ്. അതിസൂക്ഷ്മമായ, പ്രതിരോധ മരുന്നുകളെ അതിജയിക്കുന്ന തരത്തിൽ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന, അതിഭീകരമായ രൂപത്തിൽ മരണത്തിലേക്ക് നയിക്കുന്ന വൈറസിൽനിന്ന് രക്ഷപ്പെടാനുള്ള തത്രപ്പാടിലാണ് എല്ലാവരും. എവിടെവെച്ച് തന്നിലേക്ക് അത് പകരുമെന്ന് ആർക്കും അറിയില്ലല്ലോ. അിനാൽതന്നെ എന്തെന്നില്ലാത്ത ഒരു ഭയം സദാസമയവും മനുഷ്യനെ വലയം ചെയ്തുകൊണ്ടിരിക്കുന്നു.

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും..." (ക്വുർആൻ 2:155).

ഈ സൂക്തത്തിൽ പറഞ്ഞരൂപത്തിലുള്ള എല്ലാ പരീക്ഷണങ്ങളും സമൂഹം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നതാണ് യാഥാർഥ്യം.

ഈ അവസ്ഥക്ക് എന്നാണ് മാറ്റമുണ്ടാവുക എന്നതാണ് എല്ലാവരുടെയും മനസ്സിലെ ചോദ്യം. അനിശ്ചിതത്വത്തിന്റെ നാളുകളിലൂടെ കടന്നുപോകുമ്പോൾ ഈ ചോദ്യമുയരുക സ്വാഭാവികം. മാനവചരിത്രത്തിൽ ഇതുപോലെയോ ഇതിനെക്കാൾ മരണം വിതച്ചതോ ആയ മഹാമാരികൾ കഴിഞ്ഞുപോയിട്ടുണ്ട്. അതിനെയെല്ലാം അതിജീവിച്ച് മനുഷ്യവംശം ഭൂമിയിൽ ഇന്നും നിലനിൽക്കുന്നുണ്ട് എങ്കിൽ ഈ പ്രയാസഘട്ടത്തിന്നും അവസാനമുണ്ടാകാതിരിക്കില്ല. അത് എന്ന് എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം നൽകാൻ ഒരാൾക്കും കഴിയില്ല. ദൃശ്യവും അദൃശ്യവും അറിയുന്ന, എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്ന സ്രഷ്ടാവിനു മാത്രമെ അത് അറിയുകയുള്ളൂ.

### കൊറോണക്കാലവും സാമ്പത്തികമാന്ദ്യവും

ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളെയും കൊറോണ വൈറസ് കീഴ്പെടുത്തിയിരിക്കുന്നു എന്നാണ് അറിയാൻ കഴിയുന്നത്. കൊറോണയെ കീഴ്പെടുത്താൻ ആരുടെ പക്കലും ആയുധമില്ല. ഭരണാധികാരികളും ഉത്തരവാദപ്പെട്ട ഏജൻസികളും നൽകുന്ന മനോധൈര്യമാണ് മനുഷ്യരുടെ ആയുധം.

എവിടെയും സമ്പദ്‌വ്യവസ്ഥ നിശ്ചലമാണ്. ഫാക്ടറികൾ അടഞ്ഞുകിടക്കുന്നു; പാടത്തും പറമ്പിലും പണി നടക്കുന്നില്ല. ഓഫീസുകൾ നാമമാത്രമായി പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ തുറക്കാൻ കഴിയുന്നില്ല. കടകളിൽ കച്ചവടം നടക്കുന്നില്ല; പലതിനും പൂട്ടുവീണു. ജനങ്ങളുടെ കയ്യിൽ കാശില്ല.

എന്നാൽ കൊറോണ വൈറസിന്റെ ഉറവിടമായി അറിയപ്പെടുന്ന ചൈനക്ക് ഇപ്പോൾ ജീവൻവെച്ചിട്ടുണ്ട്. എങ്കിലും പൂർവസ്ഥിതിയിലെത്താൻ ഇനിയും എത്രയോ കാലം കാത്തിരിക്കണം എന്നതാണ് അവസ്ഥ. അമേരിക്കയിൽ ട്രമ്പിന്റെ ഭരണകൂടം വലിയ അലംഭാവവും അഹങ്കാരവുമാണ് തുടക്കം മുതലേ കാണിച്ചത്. ലക്ഷക്കണക്കിനു മനുഷ്യരുടെ ജീവനാണ് അവിടെ പൊലിഞ്ഞത്. ഗൾഫ് രാജ്യങ്ങളിലെ സ്ഥിതിയും മെച്ചമല്ല. തെക്കൻ കൊറിയയെ പോലുള്ള ചില രാജ്യങ്ങൾ പിടിച്ചുനിൽക്കുന്നെങ്കിലും സാമ്പത്തികമായി തളർച്ചയിലാണ്. അടച്ചുപൂട്ടൽ, ശമ്പളം വെട്ടിക്കുറക്കൽ, ജോലിയിൽനിന്ന് പിരിച്ചുവിടൽ തുടങ്ങിയ എല്ലാത്തരം തന്ത്രങ്ങളും എല്ലാ രാജ്യങ്ങളിലെയുംഒട്ടുമിക്ക സ്ഥാപനങ്ങളും പിന്തുടരുന്നു.

കൊറോണ വൈറസിന്റെ ജൈത്രയാത്ര തുടങ്ങിയ ചൈനയെ ആശ്രയിച്ചായിരുന്നു മിക്ക രാജ്യങ്ങളുടെയും ഉത്പാദനം സുഗമമായി മുന്നോട്ടുപോയിരുന്നത്. അതിനാൽ ചൈനയിലെ അടച്ചുപൂട്ടൽ ലോകത്തെയാകെ ബാധിച്ചു എന്നുതന്നെ പറയാം. അസംസ്കൃത പദാർഥങ്ങൾക്കും മറ്റും അമേരിക്കയുൾപ്പെടെയുള്ള മിക്ക രാജ്യങ്ങളും ചൈനയെ ആശ്രയിച്ചുവരികയായിരുന്നു. ചൈനയിലെ നിശ്ചല സമ്പദ്‌വ്യവസ്ഥ ലോകത്തെയാകെ ദോഷകരമായി ബാധിച്ചു എന്നു വ്യക്തം.

**പെരുന്നാൾ നമസ്കാരം പെരുന്നാളാഘോഷത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പ്രത്യേകം സജ്ജമാക്കിയ സ്ഥലത്തോ പള്ളിയിലോ വെച്ച് നിർവഹിക്കേണ്ടതല്ലേ, അതിന് പറ്റാത്ത സാഹചര്യത്തിൽ എന്തുചെയ്യാൻ എന്ന സംശയം കഴിഞ്ഞ പെരുന്നാൾ ദിനത്തിൽ ഉണ്ടായിരുന്നു. ഇത്തവണയും സ്ഥിതി വിഭിന്നമല്ല. മിക്കവാറും വീടുകളിൽവെച്ചുതന്നെ നമസ്കാരം നിർവഹിക്കേണ്ടിവരും. ആളുകളെ കൂട്ടാമെന്ന നിലയ്ക്ക് അയൽവാസികളെയോ കുടുംബക്കാരെയോ വീട്ടിൽവിളിച്ചുവരുത്തി നമസ്കാരം നിർവഹിക്കുന്നത് അപകടം വരുത്തിവെക്കും. അതിനാൽ അങ്ങനെയൊരു അബദ്ധം ആരും ചെയ്യരുത്.**



എവിടെയും സമസ്ത മേഖലകളും നിശ്ചലമായി. ആദ്യം ടൂറിസം മേഖലയെയും പിന്നീട് വ്യോമയാന ഗതാഗതത്തെയും ബാധിച്ചു. ഹോട്ടൽ, വ്യാപാരം, വ്യവസായം, നിർമാണം, റിയൽ എസ്റ്റേറ്റ് തുടങ്ങി സമസ്ത മേഖലകളിലും കൊറോണയുടെ പ്രത്യാഘാതം കാണാൻ കഴിയുന്നു. ഇതിന്റെയൊക്കെ ഫലമായി തൊഴിൽനഷ്ടം ഉണ്ടായതാണ് ജനജീവിതത്തെ സാരമായി ബാധിച്ചത്. ലക്ഷക്കണക്കിന് ആളുകൾക്കാണ് അനുദിനം തൊഴിൽ നഷ്ടപ്പെടുന്നത്. തൊഴിലുള്ളവരുടെ കാര്യത്തിൽ വേതനം വെട്ടിക്കുറക്കുകയും ചെയ്യുന്നു!

ഇന്ത്യയിലാകട്ടെ കുറേക്കൂടി സങ്കീർണമായ സ്ഥിതിവിശേഷമാണുള്ളത്. കാരണം, ഇന്ത്യൻ സമ്പദ് വ്യവസ്ഥ കൊറോണ വൈറസിന്റെ വരവിനു മുമ്പുതന്നെ മാന്ദ്യത്തിന്റെ പിടിയിലായിരുന്നു. മോഡി ഭരണകൂടത്തിന്റെ നോട്ടുനിരോധനവും കോർപ്പറേറ്റ് കേന്ദ്രീകൃതമായ ഭരണവും പൊതുമേഖലകളുടെ വിൽപനയുമെല്ലാം രാജ്യത്തെ താറുമാറാക്കിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് അശനിപാതം പോലെ കോവിഡിന്റെ വരവ്. നാൽപതു വർഷത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയാണ് ഇന്ന് ഇന്ത്യ അഭിമുഖീകരിക്കുന്നത്. കൊറോണ വൈറസിന്റെ വരവോടെ പ്രഖ്യാപിക്കപ്പെട്ട 21 ദിവസത്തെ ലോക്ക് ഡൗൺ വമ്പിച്ച സാമ്പത്തിക നഷ്ടമാണ് വരുത്തിവച്ചത്. രാജ്യത്തെ പല സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും ശമ്പളവും വെട്ടികുറക്കുന്ന പ്രക്രിയ തുടർന്നു കൊണ്ടിരിക്കുകയാണ്.

ഇതിനിടയിലാണ് കർഷകവിരുദ്ധമായ പുതിയ കാർഷിക നയങ്ങൾക്കെതിരെ കർഷകരുടെ രൂക്ഷമായ സഹനസമരം പ്രത്യക്ഷപ്പെട്ടത്. ലക്ഷക്കണക്കിന് കർഷകർ മാസങ്ങളായി തലസ്ഥാനഗരിയിൽ സമരത്തിലാണ്. സ്വാഭാവികമായും അത് ഇന്ത്യൻ സമ്പദ്ഘടനയെ ബാധിക്കുമല്ലോ.

വരുമാനത്തിന്റെ കുറവ് ഗാർഹിക ഉപഭോഗത്തെ പ്രതികൂലമായി ബാധിക്കും. ഇപ്പോൾ തന്നെ ഇന്ത്യയുടെ സ്വകാര്യ ഗാർഹിക ഉപഭോഗം തളർച്ചയിലാണ്. ജിഡിപിയുടെ 57 ശതമാനം ഇത് വരുമെങ്കിലും, കഴിഞ്ഞ ഏതാനും വർഷങ്ങളിലായി സ്വകാര്യ ഗാർഹിക ഉപഭോഗ ചെലവിന്റെ വളർച്ചാതോത് കുറഞ്ഞു വരുന്നു. 2009-10 മുതൽ 2013-14 വരെയുള്ള കാലയളവിൽ ഈ വളർച്ചാതോത് 15.7 ശതമാനമായിരുന്നെങ്കിൽ 2014-15 മുതൽ 2018-19 വരെയുള്ള കാലയളവിൽ 11.9 ശതമാനമായി കുറയുകയുണ്ടായി എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പൊതുവിൽ, ഉപഭോഗത്തിന്റെ വളർച്ചാതോത് 2019-20 ആദ്യ അർധവർഷത്തിൽ 4.1 ശതമാനമായി കുറഞ്ഞ പശ്ചാത്തലത്തിലാണ് കൊറോണ വൈറസിന്റെ വരവ്. ഇത് സ്വകാര്യ ഉപഭോഗത്തെ വീണ്ടും കുറയ്ക്കുകയുണ്ടായി.

എല്ലാ ജനവിഭാഗങ്ങളുടെയും വരുമാനത്തെ കോവിഡ് പ്രതികൂലമായി ബാധിക്കുന്നുവെന്ന അവസ്ഥാവിശേഷമാണ് കാണാൻ കഴിയുന്നത്. അസംഘടിത തൊഴിലാളികൾക്കാകട്ടെ ഇത് കടുത്ത ആഘാതമാണ് ഏൽപിച്ചിരിക്കുന്നത്. കൂലിപ്പണിക്കാർ, നിർമാണ തൊഴിലാളികൾ, ഡ്രൈവർമാർ, വീട്ടു ജോലിക്കാർ, അതിഥി തൊഴിലാളികൾ, ഹോട്ടൽ ജീവനക്കാർ, വ്യാപാര രംഗത്തെ പണിക്കാർ തുടങ്ങിയ എല്ലാവിഭാഗം ജനങ്ങളുടെയും വരുമാനം തീരെ ഇല്ലാതായി, അല്ലെങ്കിൽ നാമമാത്രമായി. അതതു ദിവസം ജോലിയെടുത്തു അന്നത്തിനു വകയുണ്ടാക്കുന്നവരാണ് ഇവരിൽ ഭൂരിഭാഗവും.

വരുമാനം കുറയുന്നത് വ്യക്തികളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിക്കും. കുടുംബത്തിലും ഇത് പ്രതിഫലിക്കും. ദൈനംദിന ചെലവുകൾ ഉൾപ്പടെയുള്ള കാര്യത്തിൽ പ്രയാസം നേരിടും. ഏറ്റവും വലിയ പ്രത്യാഘാതം പാവപ്പെട്ടവരിലായിരിക്കും. ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുമെന്നു മാത്രമല്ല, പുതിയ ദരിദ്രരുടെ ഉദയവും സംഭവിക്കും.

വരുമാനം ഇനിയും കുറയാനിരിക്കുന്നുവെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞു വേണം ഇനിയുള്ള മുന്നോട്ടുപോക്ക്. ഇവിടെ സ്വാഭാവികമായി ഉയരുന്ന ചോദ്യം

ഇതിനെ നാം എങ്ങനെ നേരിടും എന്നതാണ്. ലഭ്യമാകുന്ന വരുമാനം, അതെത്രതന്നെ ചെറുതായാലും, ശരിയായ വിനിയോഗത്തിലൂന്നിയ ആസൂത്രണമാണ് അനിവാര്യമായിട്ടുള്ളത്. വരുമാനത്തിന്റെ അളവ് കൃത്യമായി മനസ്സിലാക്കി ചെലവുകൾക്രമീകരിക്കണം. അനാവശ്യമായ ചെലവുകൾ ഒഴിവാക്കുന്നതിൽ അങ്ങേയറ്റത്തെ കണിശത പുലർത്തണം. ആർഭാടങ്ങളും ധൂർത്തും പരിപൂർണമായി ഒഴിവാക്കണം.

“തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു” (ക്വുർആൻ 17:27).

ഒരു വ്യക്തിയുമായി ബന്ധപ്പെട്ട കാര്യമാണ് വ്യക്തിഗത ധനകാര്യമെങ്കിൽ ഒന്നിലധികം വ്യക്തികളുമായി ബന്ധപ്പെട്ടതാണ് കുടുംബ ബജറ്റ്. പല കുടുംബങ്ങളിലും ഒന്നിലധികം അംഗങ്ങൾ ജോലി ചെയ്തു വരുമാനം കൊണ്ടുവരാറുണ്ട്. അങ്ങനെയല്ലാത്ത കുടുംബങ്ങളിൽ എല്ലാവരുടെയും കാര്യങ്ങൾ ഗൃഹനാഥന് നോക്കേണ്ടിവരുന്നു. ഏത് അവസ്ഥയിലാണെങ്കിലും വരവറിഞ്ഞ് ചെലവാക്കണം. വീട്, കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയ വിവിധങ്ങളായ ആവശ്യങ്ങളുടെ പട്ടികയുണ്ടാക്കി കൂടിയാലോചനകളിലൂടെ ധനം ശരിയായ രീതിയിൽ വിനിയോഗിക്കാനും അത് വർധിപ്പിക്കാനുമുള്ള കൂട്ടായ പരിശ്രമം ഉണ്ടാവണം. ചുരുക്കത്തിൽ, കൊറോണ വൈറസ് സൃഷ്ടിക്കുന്ന പ്രതിസന്ധിയെ മറികടക്കാൻ വ്യക്തിതലത്തിലും കുടുംബ തലത്തിലുമുള്ള പരിശ്രമങ്ങൾ ആവശ്യമാണ്.

വ്യക്തിഗത ധനകാര്യ മാനേജ്മെന്റ് കൊണ്ടോ കുടുംബ ബജറ്റ് കൊണ്ടോ മാത്രം പരിഹരിക്കാവുന്നതല്ല ജനങ്ങളുടെ, പ്രത്യേകിച്ചു സാധാരണക്കാരുടെ പ്രശ്നങ്ങൾ. സർക്കാരിന്റെ അകമഴിഞ്ഞ നഷ്ടപരിഹാര പാക്കേജുകൾ കൊണ്ട് മാത്രമെ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. വ്യക്തികളുടെ കരുതലിനോടൊപ്പം സർക്കാരിന്റെ സഹായം നേരിട്ടുള്ള രൂപത്തിൽ എത്തിയാൽ അത് സാധാരണക്കാർക്ക് വലിയൊരു താങ്ങും തണലുമായിരിക്കും.

കോവിഡിന്റെ ഭീതി അൽപമൊക്കെ അകന്ന് ജനജീവിതം സാധാരണ ഗതിയിലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് വർധിത വീര്യത്തോടെയുള്ള അതിന്റെ രണ്ടാം വരവ്. ജനിതക മാറ്റംവന്ന വൈറസ് കൂടുതൽ അപകടകാരിയാണെന്നതിനു തെളിവാണ് മറ്റു രോഗങ്ങളൊന്നുമില്ലാത്ത യുവതിയുവാക്കൾ പോലും കോവിഡ് ബാധിച്ച്മരണപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലെയും എല്ലാ വാർഡുകളിലും കോവിഡ് ബാധിതരുള്ള അവസ്ഥ സംജാതമായിരിക്കുന്നു. സംസ്ഥാനത്ത് ഓരോ ദിവസവും കോവിഡ് ബാധിക്കുന്നവരുടെ എണ്ണം മുപ്പതിനായിരത്തിനും നാൽപതിനായിരത്തിനും ഇടക്കാണ് എന്നത് ഭീതിതമായ വസ്തുതയാണ്. അത്കൊണ്ടുതന്നെ സംസ്ഥാനം സമ്പൂർണമായ ലോക്ക് ഡൗണിന്റെ വക്കിലാണുള്ളത്. ഇപ്പോൾ കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

## കോവിഡ് കാലത്തെ ഈദുൽ ഫിത്വ്ർ

ഇങ്ങനെയുള്ള ഒരവസ്ഥയിലാണ് ഈദുൽഫിത്വ്ർ കടന്നുവരുന്നത്. കോവിഡ് കാലമാണ്, സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിലാണ് എന്നതൊക്കെ ശരിയാണ്. എന്നാൽ ശവ്വാൽ മാസപ്പിറവി ദൃശ്യമാകുന്നതോടെ ഈദുൽഫിത്വ്റായി. എങ്ങനെയാണോ സാധിക്കുന്നത് അങ്ങനെ നാം അതിനെ ആഘോഷിക്കണം. മുൻകാലങ്ങളിലെ പോലെയുള്ള ആഘോഷം ഇപ്പോൾ സാധ്യമല്ല എന്ന യാഥാർഥ്യം അംഗീകരിച്ചേ തീരൂ. ഈദ് ഗാഹുകളിലോ പള്ളികളിലോ ഒരുമിച്ചുകൂടാൻ പറ്റാത്ത സാഹചര്യമാണ്.

ഈദുൽഫിത്വ്റും ഈദുൽ അദ്ഹയുമല്ലാതെ മുസ്‌ലിംകൾക്ക് മറ്റു ആഘോഷങ്ങളില്ല. അനസ്ؓ പറയുന്നു: “അല്ലാഹുവിന്റെ റസൂൽﷺ മദീനയിൽ ആഗതനായ വേളയിൽ മദീനയിലെ ജനങ്ങൾ രണ്ട് ആഘോഷങ്ങൾ കൊണ്ടാടിയിരുന്നു. ആ ദിവസങ്ങളെ അവർ ഉത്സവാഘോഷങ്ങളോടെയായിരുന്നു ആചരിച്ചിരുന്നത്. പ്രവാചകൻﷺ അൻസ്വാറുകളോട് ഇതിനെക്കുറിച്ചാരാഞ്ഞു. അവർ തങ്ങളുടെ ആഘോഷങ്ങളെക്കുറിച്ചും അവരുടെ ഉത്സവരീതിയെക്കുറിച്ചും വിവരിച്ചു കൊടുത്തു. അപ്പോൾ പ്രവാചകൻﷺ ഇങ്ങനെ പ്രതിവചിച്ചു: ‘ആ ദിവസങ്ങൾക്ക് പകരം മറ്റു രണ്ട് ദിവസങ്ങളെ അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചുതന്നിരിക്കുന്നു; അവയെക്കാൾ ഉൽകൃഷ്ടമായ രണ്ട് ദിനങ്ങൾ -ഈദുൽ ഫിത്വ്റും ഈദുൽ അദ്ഹയും” (അബൂദാവൂദ്).

‘ഏതായാലും പള്ളിയിലോ ഈദ്ഗാഹിലോ പോയി പെരുന്നാൾ നമസ്കാരം നിർവഹിക്കാൻ കഴിയില്ല. എന്നാൽ പിന്നെ അന്ന് നോമ്പനുഷ്ഠിക്കുന്നതല്ലേ നല്ലത്. ശവ്വാലിലെ ആറുനോ

മ്പിൽ ഉൾപ്പെടുത്താമല്ലോ' എന്ന് ചിന്തിച്ചുകൂടാ, കാരണം പെരുന്നാൾ ദിവസം നോമ്പ് നോൽക്കൽ നിഷിദ്ധമാണ്.

അബൂസഈദുൽഖുദ്‌രി ﷺ നിവേദനം: "അല്ലാഹുവിന്റെ പ്രവാചകൻ ﷺ ഈദുൽ ഫിത്ർ ദിനത്തിലും ഈദുൽ അദ്ഹയുടെ ദിനത്തിലും വ്രതമനുഷ്ഠിക്കുന്നത് വിലക്കിയിട്ടുണ്ട്'' (മുസ്‌ലിം).

പെരുന്നാൾ ദിനത്തിൽ തക്ബീർ ചൊല്ലുന്നത് പ്രബലമായ സുന്നത്താണ്. ശവ്വാൽ പിറവി ദൃശ്യമായതുമുതൽ പെരുന്നാൾ നമസ്കാരം തുടങ്ങുന്നതുവരെ തക്ബീർ ചൊല്ലാം. കൊറോണക്കാലത്തും ഇത് പ്രാവർത്തികമാക്കാനും അതിന്റെ പ്രതിഫലം നേടാനും തടസ്സമൊന്നുമില്ല.

പെരുന്നാൾ നമസ്കാരം പെരുന്നാളാഘോഷത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പ്രത്യേകം സജ്ജമാക്കിയ സ്ഥലത്തോ പള്ളിയിലോ വെച്ച് നിർവഹിക്കേണ്ടതല്ലേ, അതിന് പറ്റാത്ത സാഹചര്യത്തിൽ എന്തുചെയ്യാൻ എന്ന സംശയം കഴിഞ്ഞ പെരുന്നാൾ ദിനത്തിൽ ഉണ്ടായിരുന്നു. വീട്ടിൽവെച്ച് അതാതുവീട്ടുകാർക്ക് ജമാഅത്തായി സംഘടിപ്പിക്കാം എന്ന് മനസ്സിലാക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു മിക്കവരും. പെരുന്നാൾ നമസ്കാരത്തിന് പള്ളികൾ നിറഞ്ഞുകവിയാറാണ് പതിവ്. എന്നാൽ എണ്ണപ്പെട്ട ആളുകൾക്കേ ഇപ്പോൾ പള്ളിയിൽ വരാൻ അനുവാദമുള്ളൂ. അതിനാൽ ഇത്തവണയും വീടുകളിൽവെച്ചുതന്നെ നമസ്കാരം നിർവഹിക്കേണ്ടിവരും. ആളുകളെ കൂട്ടാമെന്ന നിലയ്ക്ക് അയൽവാസികളെയോ കുടുംബക്കാരെയോ വീട്ടിൽവിളിച്ചുവരുത്തി നമസ്കാരം നിർവഹിക്കുന്നത് അപകടം വരുത്തിവെക്കും. അതിനാൽ അങ്ങനെയാരു അബദ്ധം ആരും ചെയ്യരുത്.

പെരുന്നാളിന്റെ മര്യാദകളിൽ ഏറ്റവും പ്രബലമായ ഒരു കാര്യം നമസ്കാരത്തിന് പോകുന്നതിനുമുമ്പുള്ള കുളിയാണ്. സഈദ്ബിൻ ജുബയ്റി ﷺ ൽ നിന്നും നിവേദനം: "മൂന്ന് കാര്യങ്ങൾ പെരുന്നാൾ ദിനത്തിൽ സുന്നത്താണ്: ഈദ് ഗാഹിലേക്ക് നടന്ന് യാത്ര ചെയ്യൽ, കുളിക്കൽ, ലഘുഭക്ഷണം കഴിക്കൽ (ഈദുൽ ഫിത്റിന്)" (ബുഖാരി, മുസ്‌ലിം).

പെരുന്നാൾ നമസ്കാരത്തിന് മുമ്പോ ശേഷമോ സുന്നത്ത് നമസ്കാരങ്ങൾ നിർവഹിക്കേണ്ടതില്ല. ഇബ്നുഅബ്ബാസി ﷺ ൽ നിന്നും നിവേദനം: "പ്രവാചകൻ ﷺ പെരുന്നാൾ നമസ്കാരം നിർവഹിക്കുന്നതിന് മുമ്പോ പിമ്പോ സുന്നത്ത് നമസ്കാരങ്ങൾ നിർവഹിക്കില്ലായിരുന്നു."

എന്നാൽ, പള്ളിയിൽവെച്ചാണ് ഈദ് നമസ്കാരം നിർവഹിക്കപ്പെടുന്നതെങ്കിൽ തഹിയ്യത്ത് നമസ്കാരം നിർവഹക്കാവുന്നതാണ്.

ഈദുൽ ഫിത്ർ നാളിൽ ഭക്ഷണം കഴിച്ച ശേഷമാണ് ഈദ്ഗാഹിൽ പോകേണ്ടത്. കാരണം അനസ് ബിൻ മാലികി ﷺ ൽ നിന്നും ബുഖാരി നിവേദനം ചെയ്യുന്ന ഹദീഥിൽ ഇങ്ങനെ കാണാം: "പ്രവാചകൻ ﷺ ഈദിന്റെ ദിനത്തിൽ ഏതാനും കാരക്കകൾ ഭക്ഷിക്കാതെ പുറപ്പെടാറില്ലായിരുന്നു. അവ ഒറ്റയായിട്ടായിരുന്നു നബി ﷺ ഭക്ഷിച്ചിരുന്നത്. പക്ഷേ, ബലിപെരുന്നാൾ നാളിൽ നമസ്കാരം നിർവഹിച്ച ശേഷം ഭക്ഷണം കഴിക്കുന്നതാണ് അഭികാമ്യം. അത് ബലിയറുത്ത മാംസത്തിൽനിന്നും ഒരുഭാഗം ഭക്ഷിക്കുന്നത് വരെയായിരിക്കൽ ഉത്തമമാണ്."

വീട്ടിൽവെച്ചാണ് ഈദുൽഫിത്ർ നമസ്കാരം നിർവഹിക്കുന്നതെങ്കിലും ഈ സുന്നത്ത് പ്രായോഗികമാക്കാവുന്നതാണ്.

ഈദിന്റെ സുദിനത്തിൽ പരസ്പരം ഈദാശംസ കൈമാറാം. 'തക്വബ്ബലല്ലാഹു മിന്നാ വമിൻകും' (അല്ലാഹു എന്റെയും നിങ്ങളുടെയും സത്കർമങ്ങൾ സ്വീകരിക്കുമാറാകട്ടെ) എന്ന ആശംസാവാചകമാണ് കൂടുതൽ സ്വീകാര്യമായത്.

പെരുന്നാൾദിനം നമസ്കാരത്തിനു പോകുമ്പോൾ പുതിയ വസ്ത്രം ധരിക്കണം എന്ന് നിർബന്ധമൊന്നുമില്ല. പറ്റുമെങ്കിൽ ആവാം. അതിനു കഴിയാത്തവർ ഉള്ളതിൽ ഏറ്റവും നല്ല വസ്ത്രം അണിഞ്ഞാണ് മതി.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ മതം എളുപ്പമാണ്. മനുഷ്യന്റെ കഴിവിൽ പെടാത്തത് അല്ലാഹു കൽപിക്കുന്നില്ല.

"...അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ..." (ക്വുർആൻ 2:286).

"...മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല..." (ക്വുർആൻ 22:78).

"നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല..." (ക്വുർആൻ 5:6).



ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം

# നല്ലമരണത്തിന്റെ ലക്ഷണങ്ങൾ

അല്ലാഹുവിന്റെ അനേകായിരം സൃഷ്ടികളിൽ ഒരു സൃഷ്ടി മാത്രമാണ് മനുഷ്യൻ. ഇതരജീവികളെ അപേക്ഷിച്ച് ശക്തികൊണ്ടും വലിപ്പം കൊണ്ടും ചെറിയവനും ഒരുപാട് കുറവുകളും ന്യൂനതകളും ഉള്ളവനും എന്നാൽ മറ്റു ജീവികൾക്കൊന്നും ഇല്ലാത്ത ഏറെ സവിശേഷതകളുള്ളവനുമാണ് മനുഷ്യൻ.

സൃഷ്ടികളിൽ അല്ലാഹു ആദരിച്ച വിഭാഗംകൂടിയാണ് മനുഷ്യൻ. അല്ലാഹു പറയുന്നു:

“തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു”(ക്വുർആൻ 17:70).

എന്നാൽ അല്ലാഹു മനുഷ്യന് നിശ്ചിത സമയം മാത്രമാണ് ഇഹലോകത്ത് ജീവിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഓരോരുത്തർക്കും ഓരോ അവധിയുണ്ട്. ആ അവധി വന്നെത്തിയാൽ പിന്നെ അൽപംപോലും ഈ ലോകത്ത് അവന് ജീവിക്കാൻ സാധ്യമല്ല.

അല്ലാഹു പറയുന്നു: "ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴികനേരം പോലും വൈകിക്കുകയോ നേരത്തെ ആക്കുകയോ ഇല്ല" (ക്വുർആൻ 7:34).

"അല്ലാഹു മനുഷ്യരെ അവരുടെ അക്രമം മൂലം (ഉടനടി) പിടികൂടിയിരുന്നെങ്കിൽ ഭൂമുഖത്ത് യാതൊരു ജന്തുവെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ നിർണിതമായ ഒരു അവധിവരെ അവൻ അവർക്ക് സമയം നീട്ടിക്കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അവരുടെ അവധി വന്നാൽ ഒരു നാഴിക നേരം പോലും അവർക്ക് വൈകിക്കാൻ ആവുകയില്ല. അവർക്കത് നേരെത്തെയാക്കാനും കഴിയില്ല"(ക്വുർആൻ 16:61).

ഭൂമുഖത്തുള്ള ഓരോ മനുഷ്യനും നിർബന്ധമായും മരണത്തെ അനുഭവിച്ചറിയും. അതിൽ ഭരണാധികാരിയെന്നോ ഭരണീയനെന്നോ പണക്കാരനെന്നോ പണിക്കാരനെന്നോ മുതലാളിയെന്നോ തൊഴിലാളിയെന്നോ കുബേരനെന്നോ കുചേലനെന്നോ മർദകനെന്നോ മർദിതനെന്നോ പുണ്യാളനെന്നോ പാപിയെന്നോ എന്ന ഒരുവേർതിരിവും ഉണ്ടായിരിക്കുകയില്ല. എത്ര ദുർബലനായാലും ശക്തിമാനായാലും കഴിവുള്ളവനായാലും മരണത്തിന്റെ ദൂതൻ വന്ന് വിളിക്കുമ്പോൾ മരണത്തിന് കീഴൊതുങ്ങേണ്ടിവരും. അതിൽ യാതൊരു സംശയവുമില്ല.

അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185).

ഇബ്നു അബ്ബാസ്ﷺ നിവേദനം; നബിﷺ ഇപ്രകാരം പ്രാർഥിക്കുമായിരുന്നു: "അല്ലാഹുവേ, നീയല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. നിന്റെ പ്രതാപത്തിൽ ഞങ്ങൾ അഭയം തേടുന്നു. നീ മരണമില്ലാത്തവനാണ്. ജിന്നുകളും മനുഷ്യരും മരിക്കുന്നു" (ബുഖാരി).

മരണത്തിന്റെ ദിവസം ഓരോരുത്തർക്കും സുനിശ്ചിതമാണ്. സമയമായാൽ മരണമെത്തും. അത് എവിടെയായിരുന്നാലും ശരി. അല്ലാഹു പറയുന്നു: "നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽ പോലും..." (ക്വുർആൻ 4:78).

മരണം രണ്ട് രൂപത്തിലുണ്ട്. ഒന്ന് നല്ലമരണം, മറ്റൊന്ന് ചീത്തമരണം. അല്ലാഹുവിൽ പരിപൂർണമായി വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്ത് ജീവിക്കുകയും ചെയ്തവർക്ക് നല്ലമരണം അനുഭവിക്കാൻ കഴിയും. എന്നാൽ അല്ലാഹുവിൽ അവിശ്വസിക്കുകയും ദുഷ്കർമങ്ങൾ ചെയ്ത് ജീവിക്കുകയും ചെയ്തവർ അനുഭവിക്കുന്നത് ചീത്തമരണത്തെയായിരിക്കും.

നല്ലമരണം സംഭവിക്കുന്നതിന്റെ ചില ലക്ഷണങ്ങൾ നബിﷺ പഠിപ്പിച്ചിട്ടുണ്ട്. അവയിൽ ഏതെങ്കിലും ഒന്നോടുകൂടി മരണപ്പെടുന്നവന് സന്തോഷിക്കാൻ വകയുണ്ട്. അല്ലാഹു നമ്മെയെല്ലാം നല്ല മരണം നൽകി അനുഗ്രഹിക്കുമാറാകട്ടെ.



## 1. ശഹാദത്ത് കലിമ ചൊല്ലിയുള്ള മരണം

മുആദുബ്നു ജബൽ﷜ നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ഒരാൾ, അയാളുടെ അവസാനത്തെ സംസാരം ലാ ഇലാഹ ഇല്ലല്ലാഹ് ആണെങ്കിൽ സ്വർഗത്തിൽ പ്രവേശിച്ചിരിക്കുന്നു" (മുസ്തദ്റകു ഹാകിം).

മറ്റൊരു പ്രവാചക വചനം കാണുക:

അബൂഹുറയ്റ﷜യിൽനിന്നും അബൂസഈദി﷜ നിന്നും നിവേദനം; അവർ രണ്ടുപേരും അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞതിന് സാക്ഷികളായി. നബി ﷺ പറഞ്ഞു: "വല്ലവനും 'ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ' എന്ന് പറഞ്ഞാൽ തന്റെ റബ്ബ് അവനെ സത്യപ്പെടുത്തും. അങ്ങനെ അല്ലാഹു പറയും: 'ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല, ഞാൻ അക്ബർ-ഏറ്റവും വലിയവൻ-ആകുന്നു.' അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. ഞാൻ ഏകനാണ്.' അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. ഞാൻ ഏകനാണ്. എനിക്ക് യാതൊരു പങ്കുകാരും ഇല്ല.' അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹു ലഹുൽമുൽകു വലഹുൽ ഹംദു' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. എനിക്കു മാത്രമാണ് എല്ലാ രാജാധിപത്യങ്ങളും സർവസ്തുതികളും.' അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹു വലാ ഹൗല വലാ ഖുവ്വത ഇല്ലാബില്ലാഹ്' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. ഒരു കഴിവും ചലനശക്തിയും എന്നെക്കൊണ്ടല്ലാതെ ഇല്ല.' നബി ﷺ പറയുമായിരുന്നു: 'ആരെങ്കിലും തന്റെ രോഗാവസ്ഥയിൽ ഇത് പറയുകയും പിന്നീട് മരണപ്പെടുകയും ചെയ്താൽ അയാളെ തീ തിന്നുകയില്ല" (തിർമിദി, ഇബ്നുമാജ).

## 2. രക്തസാക്ഷിയായിക്കൊണ്ട് മരണമടയൽ

അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ മതത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അവിശ്വാസികളാൽ കൊല്ലപ്പെടുകയും ചെയ്തവനാണ് 'ശഹീദ്' അഥവാ 'രക്തസാക്ഷി' എന്ന് പറയുന്നത്. ശഹീദായിക്കൊണ്ട് മരണപ്പെട്ടാൽ അവന് സ്വർഗമുണ്ടെന്നും ഏറെ ശ്രേഷ്ഠതകൾ ഉണ്ടെന്നും ഇസ്ലാം പഠിപ്പിക്കുന്നു.

അല്ലാഹു പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചുപോയവരായി നീ ഗണിക്കരുത്. എന്നാൽ അവർ അവരുടെ രക്ഷിതാവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നൽകപ്പെട്ടിരിക്കുന്നു. അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്കു നൽകിയതുകൊണ്ട് അവർ സന്തുഷ്ടരായിരിക്കും. തങ്ങളോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത, തങ്ങളുടെ പിന്നിൽ (ഇഹലോകത്ത്) കഴിയുന്ന വിശ്വാസികളെപ്പറ്റി, അവർക്ക് യാതൊന്നും ഭയപ്പെടുവാനോ ദുഃഖിക്കാനോ ഇല്ലെന്നോർത്ത് അവർ (ആ രക്തസാക്ഷികൾ) സന്തോഷമടയുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുംകൊണ്ട് അവർ സന്തോഷമടയുന്നു. സത്യവിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല എന്നതും (അവരെ സന്തുഷ്ടരാക്കുന്നു)" (ക്വുർആൻ 3:169-171).

**(അവസാനിച്ചില്ല)**

> **ഭൂമുഖത്തുള്ള ഓരോ മനുഷ്യനും നിർബന്ധമായും മരണത്തെ അനുഭവിച്ചറിയും. അതിൽ ഭരണാധികാരിയെന്നോ ഭരണീയനെന്നോ പണക്കാരനെന്നോ പണിക്കാരനെന്നോ മുതലാളിയെന്നോ തൊഴിലാളിയെന്നോ കുബേരനെന്നോ കുചേലനെന്നോ മർദകനെന്നോ മർദിതനെന്നോ പുണ്യാളനെന്നോ പാപിയെന്നോ എന്ന ഒരുവേർതിരിവും ഉണ്ടായിരിക്കുകയില്ല. എത്ര ദുർബലനായാലും ശക്തിമാനായാലും കഴിവുള്ളവനായാലും മരണത്തിന്റെ ദൂതൻ വന്ന് വിളിക്കുമ്പോൾ മരണത്തിന് കീഴൊതുങ്ങേണ്ടി വരും. അതിൽ യാതൊരു സംശയവുമില്ല. മരണം രണ്ട് രൂപത്തിലുണ്ട്. ഒന്ന് നല്ലമരണം, മറ്റൊന്ന് ചീത്തമരണം. അല്ലാഹുവിൽ പരിപൂർണമായി വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്ത് ജീവിക്കുകയും ചെയ്തവർക്ക് നല്ലമരണം അനുഭവിക്കാൻ കഴിയും. എന്നാൽ അല്ലാഹുവിൽ അവിശ്വസിക്കുകയും ദുഷ്കർമങ്ങൾ ചെയ്ത് ജീവിക്കുകയും ചെയ്തവർ അനുഭവിക്കുന്നത് ചീത്തമരണത്തെയായിരിക്കും.**

മുഹമ്മദ് അമീൻ
mail@nerpatham.com

ആരോഗ്യപഥം

# ആഹാരത്തിലെ അവശ്യഘടകങ്ങൾ

ശരീര വളർച്ചയ്ക്കാവശ്യമായ ഘടകങ്ങൾ പ്രദാനം ചെയ്യുക, അപചയപ്രവർത്തനങ്ങൾ മൂലം ശരീരത്തിനുണ്ടാകുന്ന തേയ്മാനങ്ങളും മറ്റും നികത്തുക, ശാരീരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജം ഉൽപാദിപ്പിക്കുക എന്നിവയാണ് ആഹാരംകൊണ്ട് നിർവഹിക്കപ്പെടുന്ന പ്രധാന ആവശ്യങ്ങൾ. ഈ ആവശ്യങ്ങൾ നിർവഹിക്കാൻ ആഹാരത്തിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ താഴെ കൊടുക്കുന്നവയാണ്:

1) അന്നജം (carbohydrotes). 2) മാംസ്യം (protein). 3) കൊഴുപ്പ് (fat) 4) ലവണങ്ങൾ (minerals). 5) വിറ്റാമിനുകൾ (vitamins). 6. വെള്ളം.

ഇന്ധനപ്രധാനമായവയാണ് അന്നജങ്ങൾ. ശരീരതാപമായും ഊർജമായും ഉപയോഗിക്കപ്പെടുന്നതിന്റെ കലോറിമാനം (caloric value) ആഗിരണം ചെയ്യുന്ന അന്നത്തിന്റെ കലോറിമാനത്തിന് തുല്യമാണ്. അന്നജ ആഗിരണം കുറയുമ്പോൾ ശരീരം അതിന്റെ സൂക്ഷിപ്പു മുതലിലടങ്ങിയ മാംസ്യവും കൊഴുപ്പും അപചയ പ്രവർത്തനങ്ങൾ (catabolism) വഴി ഊർജം ഉൽപാദിപ്പിക്കാൻ ഉപയോഗിക്കുന്നു. അന്നജ ആഗിരണം കൂടുമ്പോൾ അത് മറ്റുരൂപങ്ങളിൽ സൂക്ഷിക്കുകയും അത് വർധിച്ച് പൊണ്ണത്തടി ഉണ്ടാകുകയും ചെയ്യുന്നു.

ഒരുഗ്രാം അന്നജം 4.1 കലോറി ഊർജം ഉൽപാദിപ്പിക്കുന്നു. ഒരാൾക്ക് ഒരു ദിവസം ഏകദേശം 2000 മുതൽ 2500 കലോറിവരെ ഊർജം ആവശ്യമാണ്. കൂടുതൽ അധ്വാനിക്കുന്നവർക്കും ഗർഭിണികൾക്കും കൂടുതൽ കലോറി ആവശ്യമാണ്. പഞ്ചസാര, ധാന്യങ്ങൾ, കിഴങ്ങുകൾ, പഴങ്ങൾ എന്നിവയിൽ അന്നജം അധികമായുണ്ട്.

2. മാംസ്യം: ശരീരഭാഗങ്ങളുടെ നിർമിതിക്ക് മാംസ്യം അത്യന്താപേക്ഷിതമാണ്. ശരീര കോശങ്ങൾ (സെല്ലുകൾ) മാംസ്യവും വെള്ളവുമടങ്ങിയ 'പ്രോട്ടോപ്ലാസം' കൊണ്ടാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. പുതിയ കോശങ്ങളുടെ നിർമിതിക്കു പുറമെ ദൈനംദിന പ്രവർത്തനങ്ങൾവഴി കോശങ്ങൾക്ക് സംഭവിക്കുന്ന തേയ്മാനം പരിഹരിക്കലും മാംസ്യങ്ങളുടെ ധർമമാണ്. മുട്ട, മാംസം, മത്സ്യം, നിലക്കടല, ബദാം പരിപ്പ്, പയർ എന്നിവയിൽ കൂടുതൽ മാംസ്യമുണ്ട്.

3.കൊഴുപ്പുകൾ: ശാരീരികാവശ്യത്തിന് ഉപയുക്തമായ ഇന്ധനം കൂടുതൽ ഉൽപാദിപ്പിക്കാൻ കഴിയുന്നത് കൊഴുപ്പിനാണ്. ഒരു ഗ്രാം കാർബോഹൈഡ്രേറ്റും ഒരു ഗ്രാം മാംസ്യവും 4.1 കലോറി വീതം ഊർജം പ്രദാനം ചെയ്യുമ്പോൾ ഒരു ഗ്രാം കൊഴുപ്പ് 9.4 കലോറി ഊർജം പ്രദാനം ചെയ്യുന്നു. മാംസം, മത്സ്യം, സസ്യഎണ്ണകൾ എന്നിവയിൽ കൂടുതൽ കൊഴുപ്പ് അടങ്ങിയിരിക്കുന്നു.

4.ലവണങ്ങൾ: ശാരീരികാവയവങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ലവണങ്ങൾ അത്യന്താപേക്ഷിതമാണ്. ശരീരത്തിലെ നിർമാണ പ്രവർത്തനങ്ങളിലും സംതുലനത്തിലും ലവണങ്ങൾക്ക് പങ്കുണ്ട്.

5. വിറ്റാമിനുകൾ: ശരീരത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും വളരെയേറെ ആവശ്യമാണ് വിറ്റാമിനുകൾ. പ്രധാന വിറ്റാമിനുകൾ എ,ബി,സി,ഡി,ഇ,കെ എന്നിവയാണ്. എ,ഡി,ഇ.കെ വിറ്റാമിനുകൾ കൊഴുപ്പുലായക(fat soluble)മെന്നും മറ്റുള്ളവ ജലലായക(water soluble)മെന്നും അറിയപ്പെടുന്നു.

5. വെള്ളം: ശരീരത്തിന്റെ അധികഭാഗവും വെള്ളമാണ്. രക്തത്തിന്റെ പത്തിൽ ഒമ്പത് ഭാഗവും മാംസത്തിന്റെ നാലിൽ മൂന്ന് അംശവും വെള്ളമാണ്. അകത്തേക്ക് കഴിക്കുന്ന വെള്ളത്തിന് പുറമെ, ശരീരത്തിലെ ഉപാപചയ പ്രക്രിയ വഴിയും ശരീരത്തിന് ജലാംശം ലഭ്യമാകുന്നു. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്കാവശ്യമായ പദാർഥങ്ങൾ എത്തിക്കാനും ശരീരത്തിൽനിന്ന് ഒഴിവാക്കേണ്ട വസ്തുക്കൾ ഒഴിവാക്കാനും ജലമെന്ന മാധ്യമം ആവശ്യമാണ്. ആഹാരത്തിലെ അവശ്യഘടകങ്ങൾ കൃത്യമായ അളവിലും അനുപാതത്തിലും ശരീരത്തിന് ആവശ്യമാണ്.



ടെൻഷൻ

ദുഖം

കുറ്റബോധം

അകാരണ ഭയം

നിയന്ത്രിക്കാനാകാത്ത ദേഷ്യം

# മാനസിക സമ്മർദങ്ങൾക്ക് പരിഹാരം തേടുകയാണോ?

വിളിക്കൂ...

മാനസിക സമ്മർദങ്ങൾക്ക്
സ്നേഹ സാന്ത്വനം

WISDOM alive
COUNSELLING DESK


## ഹെൽപ് ലൈൻ

Contact Us : http://wisdomalive.in/

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MAY 08

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




# പീസ് റേഡിയോ

## എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ..!

**നിങ്ങൾക്കും സഹായിക്കാം**

All in One BHIM UPI QR

**Account No:**
**918010068641992**
**Account Name:**
**WISDOM ISLAMIC ORGANIZATION - COMMUNICATION WING**
**IFSC Code : UTIB0000136**
**Bank: AXIS BANK LTD CALICUT BRANCH**
**UPI fcbiztvnx4y@freecharge**

BHIM UPI G Pay amazon pay Paytm Pay

For reciepts &
More Details:Contact
**+91 97469 50006**

പീസ് റേഡിയോ
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ
GET IT ON Google Play
Available on the App Store

Radioforpeace
YouTube peaceradio
www.peaceradio.com
Email : hello@peaceradio.com

**9020 840 840**